**പതിനാലാം കേരള നിയമസഭ**

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി (2019-2021)

## ആറാമത് റിപ്പോർട്ട്

(2021 ജനുവരി 20-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി (2019-2021)

ആറാമത് റിപ്പോർട്ട്

(2021 ജനുവരി 20-ാം തീയതി സമർപ്പിച്ചത്)

127/2021.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1-16 |
| അനുബന്ധം 1-9 | .. | 17- 42 |

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി

# (2019-21)

## കമ്മിറ്റിയുടെ ഘടന

<u>ചെയർമാൻ</u> :

**ശ്രീ. എ. പ്രദീപ്കുമാർ.**

<u>അംഗങ്ങൾ</u> :

**ശ്രീ. അനൂപ് ജേക്കബ്**

**ശ്രീ. ജോർജ് എം. തോമസ്**

**ശ്രീ. ജോൺ ഫെർണാണ്ടസ്**

**ശ്രീ. വി. കെ. സി. മമ്മത് കോയ**

**ശ്രീ. മോൻസ് ജോസഫ്**

**ശ്രീ. ഡി. കെ. മുരളി**

**ശ്രീ. വി. എസ്. ശിവകുമാർ**

**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.**

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി**

**ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ജോയിന്റ് സെക്രട്ടറി**

**ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി**

**ശ്രീ. ഡി. കൃഷ്ണൻ കുട്ടി, അണ്ടർ സെക്രട്ടറി.**

## ആമുഖം

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റി അധികാരപ്പെടുത്തിയതനുസരിച്ച്, ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനെതിരെ ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. സമർപ്പിച്ചിരുന്ന അവകാശലംഘന പ്രശ്നം സംബന്ധിച്ച് കമ്മിറ്റിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് മുമ്പ് അതിലെ ചില വിവരങ്ങൾ പത്രസമ്മേളനത്തിലൂടെ ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി വെളിപ്പെടുത്തിയെന്നും അദ്ദേഹത്തിന്റെ പ്രവൃത്തി സഭയോടുള്ള അനാദരവും സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനവുമാണെന്നതിനാൽ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നതായിരുന്നു ശ്രീ. വി. ഡി. സതീശന്റെ ആവശ്യം. പ്രസ്തുത നോട്ടീസും അതിന്മേൽ ധനകാര്യവും കയറും വകുപ്പുമന്ത്രി ബഹു. സ്പീക്കർക്ക് നൽകിയ വിശദീകരണം അടക്കം ബഹു. സ്പീക്കർ 2-12-2020-ന് പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്തു.

17-12-2020, 23-12-2020, 29-12-2020, 8-1-2021 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ കമ്മിറ്റി ഈ പ്രശ്നം വിശദമായി പരിശോധിച്ചു. 23-12-2020-ന് ശ്രീ. വി. ഡി. സതീശനിൽ നിന്നും 29-12-2020-ന് ധനകാര്യവും കയറും വകുപ്പുമന്ത്രിയിൽ നിന്നും കമ്മിറ്റി തെളിവെടുക്കുകയുണ്ടായി.

കരട് റിപ്പോർട്ട് പരിഗണിക്കുന്നതിനായി ചേർന്ന കമ്മിറ്റി യോഗത്തിൽ കമ്മിറ്റി അംഗങ്ങളായ ശ്രീ. അനൂപ് ജേക്കബ്., ശ്രീ. വി. എസ്. ശിവകുമാർ., ശ്രീ. മോൻസ് ജോസഫ് എന്നിവർ കമ്മിറ്റി തീരുമാനത്തോട് വിയോജിപ്പ് രേഖപ്പെടുത്തി.

പ്രസ്തുത തീയതികളിലെ യോഗ നടപടിക്കുറിപ്പിന്റെ പ്രസക്ത ഭാഗങ്ങളും ബന്ധപ്പെട്ട രേഖകളും വിയോജനക്കുറിപ്പും ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

2021 ജനുവരി 18-ന് ചേർന്ന കമ്മിറ്റി (2019-2021)-യുടെ യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. പ്രദീപ് കുമാർ,
*ചെയർമാൻ,*
*പ്രിവിലേജസ്, എത്തിക്സ് എന്നിവ*
*സംബന്ധിച്ച കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 20.

## റിപ്പോർട്ട്

**വസ്തുതാവിവരണം**

1) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ ആഡിറ്റ് റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് മുമ്പ് തന്നെ അതിലെ ചില ഭാഗങ്ങൾ ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പത്രസമ്മേളനത്തിലൂടെ വെളിപ്പെടുത്തിയെന്നും ഇത് സഭയുടെ പ്രത്യേക അവകാശത്തെ ഹനിച്ചെന്നും ആയതിനാൽ അദ്ദേഹത്തിനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. ബഹു. സ്പീക്കർക്ക് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 155 അനുസരിച്ച് 16-11-2020-ന് ഒരു നോട്ടീസ് നൽകുകയുണ്ടായി. (അനുബന്ധം 1) പ്രസ്തുത നോട്ടീസിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള വിഷയങ്ങളിൻമേൽ ധനകാര്യമന്ത്രിയുടെ പ്രതികരണം ബഹു. സ്പീക്കർ തേടുകയുണ്ടായി. ധനകാര്യവും കയറും വകുപ്പ് മന്ത്രിയിൽ നിന്നും ലഭിച്ച വിശദീകരണത്തിന്റെ (അനുബന്ധം 2) അടിസ്ഥാനത്തിലും, ഇക്കാര്യം സംബന്ധിച്ച് വിശദമായ പരിശോധന, സഭയുടെ പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി നടത്തുന്നത് ഉചിതമായിരിക്കുമെന്ന മന്ത്രിയുടെ അഭിപ്രായത്തെ മാനിച്ചും പ്രസ്തുത നോട്ടീസ് ചട്ടം 159 അനുസരിച്ച് കൂടുതൽ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ പരിഗണനയ്ക്കായി 2-12-2020-ന് ബഹു. സ്പീക്കർ റഫർ ചെയ്യുകയുണ്ടായി (അനുബന്ധം 3).

**കമ്മിറ്റി മുമ്പാകെ വന്ന വാദങ്ങൾ**

2) 2020 ഡിസംബർ 17-ന് ചേർന്ന പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി അവകാശലംഘന നോട്ടീസും, അതിന്മേലുള്ള ധനകാര്യമന്ത്രിയുടെ പ്രതികരണവും പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അധിക വിവരങ്ങൾ ശേഖരിക്കുന്നതിലേയ്ക്കായി നോട്ടീസ് നൽകിയ ശ്രീ. വി. ഡി. സതീശനിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

3) 2020 ഡിസംബർ 23-ന് ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ. കമ്മിറ്റി മുമ്പാകെ ഹാജരാകുകയും സി.&എ.ജി-യുടെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് മുമ്പ് അതിലെ ഉള്ളടക്കത്തെ സംബന്ധിച്ച് പത്ര സമ്മേളനം നടത്തിയ ധനകാര്യവും കയറും വകുപ്പുമന്ത്രി എപ്രകാരമാണ് സഭയുടെ പ്രത്യേക അവകാശത്തെ ഹനിച്ചതെന്നത് സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ കമ്മിറ്റി മുമ്പാകെ ബോധ്യപ്പെടുത്തുകയും ചെയ്തു.

4) ഭരണഘടനയുടെ അനുച്ഛേദം 148 മുതൽ 151 വരെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ പ്രൊസീഡ്യുവറിനെക്കുറിച്ചാണ് പറയുന്നത്. 2018-2019-ലെ സി.&എ.ജി.

റിപ്പോർട്ട് നാളിതുവരെ സഭയുടെ മേശപ്പുറത്ത് വച്ചിട്ടില്ലെന്നും സാധാരണ നിലയിൽ സഭാ സമ്മേളനക്കാലയളവിലാണ് റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നതെന്നും സഭയിൽ സമർപ്പിക്കുന്നതിന് മുമ്പ് തന്നെ 2020 നവംബർ 14-ന് പത്ര സമ്മേളനം വഴി റിപ്പോർട്ടിലെ ചില ഭാഗങ്ങൾ ധനകാര്യമന്ത്രി വെളിപ്പെടുത്തിയെന്നും ധനകാര്യമന്ത്രി തന്നെ ഇത് സമ്മതിച്ചിട്ടുണ്ടെന്നും അദ്ദേഹം കമ്മിറ്റി മുമ്പാകെ മൊഴി നൽകി.

5) ഭരണഘടനയുടെ അനുച്ഛേദം 151 (ii)-ൽ reports of the Comptroller and Auditor General of India relating to the accounts of the State shall be submitted to the Governor of the State who shall cause them to be laid before the Legislature of the State-എന്ന് വളരെ കൃത്യമായി പറഞ്ഞിട്ടുണ്ടെന്നും ഗവർണ്ണർക്ക് നൽകിയതിനുശേഷം അദ്ദേഹമാണ് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതെന്നും ഇത് കൃത്യമായ പ്രൊവിഷനാണെന്നും അദ്ദേഹം കമ്മിറ്റിയെ ബോധിപ്പിച്ചു. ഈ പ്രൊവിഷൻ ഇല്ലായിരുന്നുവെങ്കിൽ സി.&എ.ജി.-ക്കോ ധനകാര്യ വകുപ്പിനോ ഗവൺമെന്റിനോ ഇക്കാര്യങ്ങളെക്കുറിച്ച് പത്രസമ്മേളനം നടത്തിയോ വേറെ ഏതെങ്കിലും രീതിയിലോ റിപ്പോർട്ട് പുറത്തുവിടാമായിരുന്നുവെന്നും അപ്പോൾ ഭരണഘടനയിൽ ഇതുസംബന്ധിച്ച് കൃത്യമായി പറയുന്നത്, സി.&എ.ജി റിപ്പോർട്ടുകൾ സംസ്ഥാനത്തിന്റേതാണെങ്കിൽ സംസ്ഥാന നിയമസഭയുടെയും, ഇന്ത്യയുടേതാണെങ്കിൽ പാർലമെന്റിന്റെയും മേശപ്പുറത്ത് വയ്ക്കണമെന്നുള്ളതാണ് വ്യവസ്ഥയെന്നും അത് ലംഘിക്കപ്പെട്ടാൽ സഭയുടെ അവകാശലംഘനമാണെന്നും അദ്ദേഹം വാദിച്ചു. നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ള 27-7-2013-ലെ സർക്കുലറിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഇന്ത്യൻ ആഡിറ്റ് & അക്കൗണ്ട്സ് വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള നിർദ്ദേശങ്ങൾ മാത്രമല്ലേയെന്ന കമ്മിറ്റിയുടെ ചോദ്യത്തിന് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് വരെ റിപ്പോർട്ട് ഔദ്യോഗിക രഹസ്യരേഖയാണെന്നും ഇക്കാര്യം സി.&എ.ജി-യുടെ 27-7-2013-ലെ 111/S/5/258-PPG/24-2013 നമ്പർ സർക്കുലറിൽ സ്പഷ്ടീകരിച്ചിട്ടുണ്ടെന്നും ഇതിലെ വ്യവസ്ഥകൾ ഉദ്യോഗസ്ഥർക്കുമാത്രമല്ല എല്ലാ പൗരൻമാർക്കും ബാധകമാണെന്നും അദ്ദേഹം പറഞ്ഞു. സഭയുടെ മേശപ്പുറത്ത് വയ്ക്കാത്ത ഒരു റിപ്പോർട്ടിലെ വിവരങ്ങൾ മാധ്യമങ്ങൾക്ക് നൽകിയെന്നത് സംബന്ധിച്ച് 2020 ഫെബ്രുവരി 4-ന് ബഹു. സ്പീക്കർ നൽകിയ റൂളിംഗിന്റെ ലംഘനം ഈ വിഷയത്തിൽ നടന്നിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അതായത് സഭയിൽ വയ്ക്കേണ്ട ഒരു ഡോക്യുമെന്റ് സഭയിൽ വയ്ക്കുന്നതിനുമുൻപ് അത് മാധ്യമ ചർച്ചയ്ക്ക് വിധേയമായാൽ അല്ലെങ്കിൽ ലീക്ക് ചെയ്ത് പുറത്തുപോയാൽ അവിടെ അവകാശലംഘനം ഉണ്ടാകുമെന്നാണ് അന്നത്തെ റൂളിംഗ്. ഇതുകൂടാതെ ഭരണഘടനയുടെ അനുച്ഛേദം 151 പ്രകാരം സി.&എ.ജി. റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചാൽ മാത്രമേ അത് ഒരു പൊതു രേഖയാവുകയുള്ളൂ എന്നും അദ്ദേഹം പറഞ്ഞു. ഇങ്ങനെ പൊതുരേഖയാകുന്ന റിപ്പോർട്ടിലെ പരാമർശങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന് എതിരഭിപ്രായം ഉണ്ടെങ്കിൽ ആയത് ഈ ഘട്ടത്തിലാണ്

പ്രകടിപ്പിക്കേണ്ടതെന്നും മന്ത്രിയുടെ നടപടി ഒരു കീഴ്‌വഴക്കമാവുകയാണെങ്കിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട രേഖകൾക്കുള്ള പ്രിവിലേജ് നഷ്ടമാകുമെന്നും അദ്ദേഹം കമ്മിറ്റി മുമ്പാകെ അറിയിച്ചു. തുടർന്ന് സി.&എ.ജി-യുടെ റിപ്പോർട്ട് ചോർന്നതിനെ സംബന്ധിച്ച രാജ്യസഭയുടെ പ്രിവിലേജസ് കമ്മിറ്റിയുടെ അറുപത്തിയഞ്ചാമത് റിപ്പോർട്ടിൽ ഇത്തരത്തിൽ സി.&എ.ജി. റിപ്പോർട്ടിലെ കാര്യങ്ങൾ ചോരുന്നത് സഭയുടെ അവകാശലംഘനത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന ശിപാർശ കമ്മിറ്റി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അങ്ങനെ ശിപാർശ ചെയ്തിരിക്കുന്നത് യുക്തിപരമല്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

6) നിലവിൽ പിൻതുടർന്ന് വരുന്ന നടപടി ക്രമങ്ങളേയും ചട്ടങ്ങളെയും ലംഘിച്ചു കൊണ്ടാണ് സി.&എ.ജി. റിപ്പോർട്ട് തയ്യാറാക്കിയത് എന്ന കാരണം പറഞ്ഞുകൊണ്ട് അത് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് മുമ്പ് അതിലെ ഉള്ളടക്കം വെളിപ്പെടുത്തുന്നത് ന്യായീകരിക്കാവുന്നതല്ലെന്നും ഒരു സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമത്തിന്റെയും റിസർവ് ബാങ്ക് പോലുള്ള ഭരണഘടനാ സ്ഥാപനങ്ങളുടെയും നടപടിക്രമങ്ങളുടെ ഭരണഘടനാ സാധുത സി.&എ.ജി. പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നത് അസാധാരണമായ നടപടിയാണെന്ന വാദം ശരിയല്ലെന്നും സി.&എ.ജി.-ക്ക് അതിനുള്ള അധികാരമുണ്ടെന്നും ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. കമ്മിറ്റി മുമ്പാകെ അഭിപ്രായപ്പെട്ടു. ധനകാര്യ സെക്രട്ടറിക്ക് അതീവ രഹസ്യമായി സി.&എ.ജി. കൈമാറിയ റിപ്പോർട്ട് മന്ത്രി ചോർത്തിയെടുത്ത് മാധ്യമങ്ങൾക്ക് നൽകിയത് അതീവ ഗുരുതരമായ തെറ്റാണെന്നും അത് സഭയുടെ അവകാശത്തിന്റെ ലംഘനമാണെന്നും അദ്ദേഹം പറഞ്ഞു.

7) ഔദ്യോഗിക രഹസ്യനിയമം മന്ത്രി ലംഘിച്ചുവെന്ന ആക്ഷേപത്തിൽ നിയമസഭയ്ക്ക് ഇടപെടാൻ കഴിയില്ല എന്ന് കമ്മിറ്റി ചൂണ്ടിക്കാട്ടിയപ്പോൾ ശ്രീ. വി. ഡി. സതീശൻ എം. എൽ. എ. അതിനോട് യോജിച്ചു. റിപ്പോർട്ട് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ശേഷം പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പി. എ. സി.) ആണ് പരിശോധിക്കേണ്ടത്. ആ സമയത്ത് ഗവൺമെന്റിന് പറയാനുള്ളത് പറയാൻ അവസരം ലഭിക്കുമെന്നിരിക്കെ ബഹു. ധനകാര്യ മന്ത്രി മുൻകൂട്ടി അഭിപ്രായം പറയുന്നത് ശരിയല്ല. ഡ്രാഫ്റ്റ് റിപ്പോർട്ട് ആണ് എന്ന് കരുതിയാണ് താൻ വെളിപ്പെടുത്തൽ നടത്തിയത് എന്ന മന്ത്രിയുടെ വാദം നിലനിൽക്കില്ല എന്നും അതിന് കാരണം ഡ്രാഫ്റ്റ് റിപ്പോർട്ടിൽ അപാകതയുണ്ടെങ്കിൽ അക്കൗണ്ടന്റ് ജനറലിനെ അറിയിച്ച് പരിഹരിക്കാൻ സംവിധാനമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മസാല ബോണ്ട് സംബന്ധിച്ച് ഹൈക്കോടതിയിലുള്ള കേസിനെ സാധൂകരിക്കുന്ന പരാമർശങ്ങൾ ഉള്ളതിനാലാണ് റിപ്പോർട്ടിലെ വിവരങ്ങൾ വെളിപ്പെടുത്തിയത് എന്ന് പറയുന്നത് യുക്തിസഹമല്ല. കാരണം ഈ വിവരങ്ങൾ പുറത്തുവിടുന്നത് സർക്കാർ ഭാഗത്തെ ദോഷകരമായി ബാധിക്കും. സി.&എ.ജി. റിപ്പോർട്ടിലെ ഒരു ഭാഗം മാധ്യമങ്ങളോട്

വെളിപ്പെടുത്തിയിട്ടുണ്ടെന്ന് സമ്മതിച്ച ധനകാര്യമന്ത്രി അത് നിഷേധിച്ചിട്ടില്ലെന്ന് മാത്രമല്ല നിയമസഭ വിധിക്കുന്ന ഏതു ശിക്ഷയും ഏറ്റുവാങ്ങാമെന്ന് പറയുകയും ചെയ്തിട്ടുള്ളതിനാൽ ശിക്ഷ വിധിക്കേണ്ട കാര്യമാണ് കമ്മിറ്റിക്ക് മുന്നിലുള്ളതെന്നും അദ്ദേഹം പറഞ്ഞു.

8) സി.&എ.ജി. റിപ്പോർട്ടിൽ പരാമർശിച്ച ചില വിഷയങ്ങൾ, റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കുന്നതിന് മുമ്പുതന്നെ അഴിമതി ആരോപണങ്ങളായി ഉയർന്നുവന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് കമ്മിറ്റി ചൂണ്ടിക്കാട്ടിയപ്പോൾ അവ റിപ്പോർട്ടിലെ വിവരങ്ങൾ ചോർന്നതുമൂലമുണ്ടായതല്ല എന്ന് ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. അറിയിച്ചു. റിപ്പോർട്ട് മേശപ്പുറത്തുവച്ചു കഴിയുമ്പോൾ ഉണ്ടാകാവുന്ന ആക്രമണങ്ങളെ മുൻകൂട്ടി പ്രതിരോധിക്കുകയായിരുന്നു ധനകാര്യ മന്ത്രിയുടെ ലക്ഷ്യം. റിപ്പോർട്ടിലെ ചില പരാമർശങ്ങൾ സ്വീകാര്യമല്ല എന്നുപറയുന്ന മന്ത്രിക്ക്, ആ റിപ്പോർട്ട് അദ്ദേഹം തന്നെ മേശപ്പുറത്തു വച്ചേമതിയാകൂ എന്നിരിക്കെ ഇത്തരമൊരു നിലപട് സ്വീകരിക്കേണ്ട ആവശ്യമില്ലായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

9) നോട്ടീസിൽ ഉന്നയിച്ചിട്ടുള്ള വിഷയത്തിൻമേൽ ധനകാര്യമന്ത്രിയെ നേരിട്ട് കേൾക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ധനകാര്യമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2020 ഡിസംബർ 29-ന് കമ്മിറ്റി യോഗത്തിൽ ഹാജരാകുകയും താഴെപ്പറയുന്ന കാര്യങ്ങൾ കമ്മിറ്റി മുമ്പാകെ ബോധ്യപ്പെടുത്തുകയും ചെയ്തു.

(i) സി.&എ.ജി. റിപ്പോർട്ടുകളുടെ രഹസ്യ സ്വഭാവം സംബന്ധിച്ച 27-2-2013-ലെ 111/S/5/258-PPG/24-2013 നമ്പർ സർക്കുലർ ഓഡിറ്റ് നടത്തുന്ന ഉദ്യോഗസ്ഥർക്കും സി.&എ.ജി. ഓഫീസിലെ വിവിധ വകുപ്പുകൾക്കും ബാധകമായിട്ടുള്ളതാണ്. ഇതിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനായി ആഡിറ്റ് ഉദ്യോഗസ്ഥർ 'എ' ഫോറത്തിലും പ്രിന്റിംഗ്, ഡിസൈനിംഗ് പ്രവൃത്തിയിലുള്ളവർ 'ബി' ഫോറത്തിലും നൽകേണ്ട സ്റ്റേറ്റ്മെന്റ് സർക്കുലറിനോടൊപ്പം ചേർത്തിരിക്കുന്നതിൽ നിന്ന് ഇക്കാര്യം വ്യക്തമാണ്. കൂടാതെ സി.&എ.ജി. റിപ്പോർട്ട് ഒഫീഷ്യൽ സീക്രട്ട് ആക്ട് പ്രകാരമുള്ള ഒരു രേഖയല്ല, അത് വിശദമായ പരിശോധനയ്ക്കും ചർച്ചയ്ക്കും സർക്കാരിന് അവകാശമുള്ള രേഖയാണ് എന്ന് ബഹു.മന്ത്രി കമ്മിറ്റിയെ ബോധിപ്പിച്ചു.

(ii) സി.&എ.ജി.-യുടെ പ്രവർത്തന ചട്ടക്കൂട് നിർണ്ണയിക്കുന്ന ഭരണഘടനയിലോ മറ്റ് നിയമങ്ങളിലോ, അനുബന്ധ ചട്ടങ്ങളിലോ അതിന്റെ റിപ്പോർട്ട് ഒരു രഹസ്യരേഖയാണെന്ന് പറയുന്നില്ല എന്നും അതിനാൽ ഒഫീഷ്യൽ സീക്രട്ട് ആക്ട് സി.&എ.ജി. റിപ്പോർട്ടിന് ബാധകമല്ലെന്നും അദ്ദേഹം പറഞ്ഞു.

(iii) സഭയുടെ പരിഗണനയ്ക്കായി സി.&എ.ജി.-യുടെ റിപ്പോർട്ട് സമർപ്പിക്കുന്നത് ധനകാര്യ മന്ത്രിയാണ്. സഭയുടെ മുന്നിൽ വയ്ക്കുന്ന റിപ്പോർട്ടിന്റെ ഉള്ളടക്കം സംബന്ധിച്ച്

മന്ത്രിക്ക് ബോധ്യവും ഉത്തരവാദിത്വവും ഉണ്ടെന്നുള്ളതാണ് സാമാന്യ നിഗമനം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. നിലവിലുള്ള ഓഡിറ്റ് സ്കീം രൂപീകരിച്ചിരിക്കുന്നത് സർക്കാരിന് പൂർണ്ണമായും ഈ അറിവ് ഉണ്ടാകുംവിധമാണ് എന്നതും ഏറെ പ്രധാനപ്പെട്ടതാണ് എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

(iv) ബഹു. സ്പീക്കറുടെ 4-2-2020-ലെ റൂളിംഗ് സഭാ സമിതിയുടെ തീരുമാനമടങ്ങുന്ന റിപ്പോർട്ട് (കാര്യോപദേശക സമിതി റിപ്പോർട്ട്) സഭയിൽ വയ്ക്കും മുമ്പ് അതിലെ വിവരങ്ങൾ മാധ്യമങ്ങളോട് പാർലമെന്ററികാര്യ വകുപ്പുമന്ത്രി വെളിപ്പെടുത്തി എന്ന ആക്ഷേപം സംബന്ധിച്ചാണ്. അതിന് ഈ വിഷയവുമായി ബന്ധമില്ല എന്നദ്ദേഹം കമ്മിറ്റിയെ ബോധിപ്പിച്ചു.

(v) സി.&എ.ജി. റിപ്പോർട്ടിലെ പേജ് 42-ൽ മസാലബോണ്ട് വഴി പണം സമാഹരിക്കുന്നത് ഭരണഘടനയുടെ ഏഴാം പട്ടികയിലെ ലിസ്റ്റ് 1-ലെ ഇനം 37-ന് വിരുദ്ധമാണ് എന്ന് പറയുന്നു. എന്നാൽ 37-ാം ഇനം വിദേശ വായ്പയെ സംബന്ധിക്കുന്ന നിയമനിർമ്മാണാധികാരം പാർലമെന്റിന് മാത്രമേ ഉള്ളൂവെന്നാണ് പറയുന്നത്. വിദേശ വായ്പ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന് മാത്രമേ അധികാരമുള്ളൂ എന്ന് പറയുന്നില്ല. എന്നുമാത്രമല്ല 1999 മുതൽ 2018 വരെ കിഫ്ബിയെപ്പറ്റി ഒമ്പത് ഓഡിറ്റ് നടന്നിട്ടും ഇതുവരെ കിഫ്ബിക്ക് വായ്പയെടുക്കാനുള്ള ഭരണഘടനാവകാശത്തെപ്പറ്റി ഒരു ചോദ്യം പോലും ഉണ്ടായിട്ടില്ല. ഇപ്പോൾ തയ്യാറാക്കപ്പെട്ട റിപ്പോർട്ടിന്റെ കരട് റിപ്പോർട്ടിന്റെ എക്സിറ്റ് മീറ്റിംഗിൽ പോലും ഈ ചോദ്യം ഉന്നയിക്കപ്പെട്ടിട്ടില്ല. അതിന് ശേഷം ഓഡിറ്റ് റെഗുലേഷനുകൾക്ക് വിരുദ്ധമായി എട്ട് പാരഗ്രാഫുകൾ എഴുതിചേർക്കുകയാണ് ഉണ്ടായത്. അതുകൊണ്ട് തന്നെ സംസ്ഥാന സർക്കാരിനെതിരെ malafide intention ഇക്കാര്യത്തിൽ ഉണ്ടെന്ന് താൻ വിശ്വസിക്കുന്നതായി മന്ത്രി കമ്മിറ്റിയെ ബോധിപ്പിച്ചു

(vi) ഭരണഘടനയുടെ അനുച്ഛേദം 293 എന്നത് സംസ്ഥാനങ്ങളുടെ കടമെടുപ്പ് പ്രതിപാദിക്കുന്ന വ്യവസ്ഥയാണ്. Borrowing by States എന്ന വിഷയമാണ് ഈ വ്യവസ്ഥയിൽ പ്രതിപാദിക്കുന്നത്. സംസ്ഥാന സർക്കാർ തങ്ങളുടെ സഞ്ചിതനിധിയുടെ ഗ്യാരന്റിയിന്മേൽ ആഭ്യന്തര വായ്പകൾ സ്വരൂപിക്കുന്നതിനുള്ള അവകാശത്തെയും വ്യവസ്ഥകളെയും സംബന്ധിച്ചാണ് അനുച്ഛേദം 293(1) പ്രതിപാദിക്കുന്നത്. നിയമസഭ നിയമംമൂലം രൂപീകരിച്ചിട്ടുള്ള ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണ് കിഫ്ബി. അതിന് അനുച്ഛേദം 293 ബാധകമേ അല്ല. കിഫ്ബി അന്തർദേശീയ ധനവിപണിയിൽ നിന്നും മസാലബോണ്ട് വഴി എടുത്തിട്ടുള്ള വായ്പ ആഭ്യന്തര വായ്പയുമല്ല. മറിച്ച്, എക്സ്റ്റേണൽ കൊമേഴ്സ്യൽ ബോറോയിംഗ് (External Commercial Borrowing) ആണ്. കിഫ്ബി എടുക്കുന്ന വായ്പകൾക്ക് സർക്കാർ അനുമതി നൽകുകയും ഗ്യാരണ്ടി നിൽക്കുകയും ചെയ്യുന്നുണ്ട്. ഇത് നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ കിഫ്ബി നിയമത്തിലെ

വ്യവസ്ഥകൾക്ക് അനുസരിച്ചാണ്. മസാലബോണ്ടിന് കേരള സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള അനുമതിയും ഗ്യാരണ്ടിയും സംബന്ധിച്ച സർക്കാർ ഉത്തരവുകൾ ഇത് വ്യക്തമാക്കുന്നതാണ് എന്ന് മന്ത്രി പറഞ്ഞു.

(vii) സഭയുടെ പരിഗണനയ്ക്കായി സി.&എ.ജി. റിപ്പോർട്ട് സമർപ്പിക്കുന്നത് ധനകാര്യമന്ത്രിയാണ്. സഭയുടെ മേശപ്പുറത്തു വയ്ക്കുന്ന റിപ്പോർട്ടിന്റെ ഉള്ളടക്കം സംബന്ധിച്ച് ധനകാര്യമന്ത്രിക്ക് ബോധ്യവും ഉത്തരവാദിത്തവുമുണ്ടെന്നുള്ളതാണ് സാമാന്യ നിഗമനം. നിലവിലുള്ള ഓഡിറ്റ് സ്കീം രൂപീകരിച്ചിരിക്കുന്നത് സർക്കാരിന് പൂർണ്ണമായും ഈ അറിവ് ഉണ്ടാകുംവിധമാണ് എന്നതും ഏറെ പ്രധാനപ്പെട്ടതാണ്. കരട് റിപ്പോർട്ട് നൽകുക, അതിന്മേൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുക, അതിന്റെ അടിസ്ഥാനത്തിൽ എത്തിച്ചേരുന്ന നിഗമനങ്ങളും നിരീക്ഷണങ്ങളും എക്സിറ്റ് മീറ്റിങ്ങിൽ അവതരിപ്പിക്കുക, അതിന്റെ മിനിറ്റ്സ് സർക്കുലേറ്റ് ചെയ്യുക, ഈ പ്രക്രിയയിലുടനീളം സർക്കാർ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾക്കും, നിർദ്ദേശങ്ങൾക്കും, വിശദീകരണങ്ങൾക്കും എല്ലാവിധ പരിഗണനയും നൽകി റിപ്പോർട്ട് തയ്യാറാക്കുക എന്നിങ്ങനെ സംസ്ഥാന സർക്കാരിനും ബന്ധപ്പെട്ട മന്ത്രിക്കും ഈ റിപ്പോർട്ട് സംബന്ധിച്ച് ഉണ്ടാവേണ്ട അറിവും ബോധ്യവും അടിവരയിടുന്ന ഓഡിറ്റ് സ്കീമാണ് ഇന്ത്യാ രാജ്യത്ത് നിലവിലുള്ളത്. വസ്തുതകൾ ഇതായിരിക്കെ ധനകാര്യവകുപ്പ് സെക്രട്ടറിക്ക് രഹസ്യമായി നൽകുന്ന രേഖ മന്ത്രി ചോർത്തിയെടുത്തുവെന്നും ഉള്ളടക്കം എന്താണെന്ന് അറിയാത്ത രേഖ ധനകാര്യമന്ത്രി സഭയിൽ സമർപ്പിക്കണമെന്നും യാന്ത്രികമായി വാദിക്കുന്നത് നിലവിലുള്ള നിയമ വ്യവസ്ഥയുടെയും ജനാധിപത്യ ഭരണക്രമത്തിന്റെയും അന്തസത്തയ്ക്ക് സമ്പൂർണ്ണമായും വിരുദ്ധമാണ് എന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

(viii) സർക്കാരിന്റെ ഡൊമൈനിലുള്ള ഒരു റിപ്പോർട്ടാണിത്. അത് ഡ്രാഫ്റ്റ് റിപ്പോർട്ട് എന്നുള്ള രീതിയിൽപോലും പറയുന്നതിൽ ഒരു impropriety ഉണ്ട് എന്ന് സമ്മതിക്കുന്നു. എന്നാൽ അവകാശലംഘനപ്രശ്നമില്ല. സാധാരണഗതിയിൽ ഇതൊരു കീഴ്വഴക്കമാക്കാൻ പാടില്ല. അന്തിമ റിപ്പോർട്ട് ഇപ്പോൾ പുറത്ത് വന്ന രീതിയിൽ വരാൻ പാടില്ല എന്ന നിലപാടിന്റെ അടിസ്ഥാനത്തിലാണ് ഈ രീതിയിൽ പ്രതികരിച്ചത്. ഇത് ഡ്രാഫ്റ്റ് റിപ്പോർട്ടാണെന്നുള്ള ധാരണയിലാണ് പുറത്തു പറഞ്ഞത്. പുറത്തു പറയാൻ പാടില്ല എന്നതു ശരിയാണെങ്കിലും ഇതിനെ പ്രതിരോധിക്കാതിരുന്നാൽ അത് തന്റെ ഭാഗത്ത് നിന്നുള്ള ഒരു വലിയ വീഴ്ചയാകുമെന്നതിനാലാണ് ഡ്രാഫ്റ്റ് റിപ്പോർട്ടാണെന്ന ധാരണയിൽ പുറത്ത് പറഞ്ഞത് എന്നും മന്ത്രി കമ്മിറ്റിയെ ബോധിപ്പിച്ചു.

(ix) ഏതൊരു കാര്യവും റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനുമുമ്പ് അത് സംസ്ഥാന സർക്കാരിനു നൽകി സർക്കാരിന്റെ അഭിപ്രായം കേൾക്കണമെന്ന് ആഡിറ്റ് റെഗുലേഷനിലെ 206-ാം വ്യവസ്ഥയിൽ കൃത്യമായി പറയുന്നുണ്ട്. ഇതാകട്ടെ നിയമ വ്യവസ്ഥകളിൽ സാർവ്വത്രികമായി അംഗീകരിക്കപ്പെടുന്ന ഒരു സാമാന്യനീതിയുടെ പ്രതിഫലനമാണ്.

(x) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സിവിൽ &കൊമേഴ്സ്യൽ) ഓഡിറ്റ്, കേരള 2010-ൽ പുറപ്പെടുവിച്ച മാന്വൽ ഓഫ് റിപ്പോർട്ട് (സിവിൽ സെക്ഷൻ), ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന്റെ ചിട്ടകളെ സംബന്ധിച്ച് ഇന്ത്യൻ ഓഡിറ്റ് & അക്കൗണ്ട്സ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർക്കുള്ള സപ്ലിമെന്ററി നിർദ്ദേശങ്ങളാണ്. ഇതിന്റെ ഖണ്ഡിക 2.04 ഇപ്രകാരമാണ്.

2.04 The Report Section will edit each draft paragraph with reference to the materials made available by the section proposing the draft paragraph and get the paragraphs approved by the Principal Accountant General (C&CA). After approval, a copy of the draft para will be sent to the Secretary to government concerned by name for verification of facts, simultaneously endorsing a copy thereof to the finance Secretary to government. This is to ensure that the facts mentioned in the paragraph will not be challenged later when it is taken up for consideration by the Committee on Public Accounts.

ഖണ്ഡിക 2.05-ൽ സർക്കാരിനു കരടുരേഖ നൽകണമെന്നു പറയുക മാത്രമല്ല, ഓഡിറ്റ് റിപ്പോർട്ടിൽ ഇടംപിടിക്കാൻ സാധ്യതയുള്ള നിഗമനങ്ങളും നിരീക്ഷണങ്ങളും സംബന്ധിച്ച് ഭരണവകുപ്പ് സെക്രട്ടറിയേയും ധനകാര്യ സെക്രട്ടറിയേയും അറിയിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. കരട് റിപ്പോർട്ടിൽ തന്നെ വരാത്ത ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന നിഗമനങ്ങൾ അന്തിമ റിപ്പോർട്ടിൽ കൂട്ടിച്ചേർക്കുന്നത് എത്രമേൽ ക്രമരഹിതവും ചട്ടവിരുദ്ധവുമാണെന്ന് മേൽ വിശകലനത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്.

(xi) മധ്യപ്രദേശ് അക്കൗണ്ടന്റ് ജനറൽ 2017 മാർച്ച് 30-ന് ഓഡിറ്റ് സംബന്ധമായ സി.&എജി.-യുടെ നിർദ്ദേശങ്ങൾ, കോഡുകൾ, സർക്കുലറുകൾ തുടങ്ങിയവ ക്രോഡീകരിച്ച് ഒരു മാന്വൽ ഓഫ് റിപ്പോർട്ട് (സിവിൽ) പുറത്തിറക്കിയിട്ടുണ്ട്. മധ്യപ്രദേശ് അക്കൗണ്ടന്റ് ജനറൽ ആണ് ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നതെങ്കിലും ഇതിലെ നിർദ്ദേശങ്ങൾക്ക് ആധാരം കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ സർക്കുലറുകളും മറ്റുമാണ്. ഈ രേഖയുടെ ഖണ്ഡിക 3.6.3 ൽ ഫൈനൽ ഡ്രാഫ്റ്റ് റിപ്പോർട്ടിൽ പുതിയതായി ഒരു ഖണ്ഡികപോലും ചേർക്കാൻ പാടില്ലായെന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം വ്യക്തമാക്കിയിട്ടുണ്ട്.

(xii) ഓഡിറ്റ് റിപ്പോർട്ടിൽ ഏത് നിഗമനവും നിരീക്ഷണവും ഉൾപ്പെടുത്തുന്നതിനുമുമ്പ് ഓഡിറ്റ് ചെയ്യപ്പെടുന്ന സർക്കാരിന് അത് സംബന്ധിച്ച് പറയാനുള്ള വിശദീകരണങ്ങളും അഭിപ്രായങ്ങളും കമന്റുകളും പറയാൻ അവസരം നൽകിയേ മതിയാകൂ എന്നും കരട് റിപ്പോർട്ടിന്മേൽ സർക്കാരിന്റെ വിശദീകരണം, നിരീക്ഷണം, അഭിപ്രായം എന്നിവ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം എന്നും എന്നാൽ കരട് റിപ്പോർട്ടിൽ

ഉൾപ്പെട്ടിട്ടില്ലാത്തതും, സർക്കാരിനെ അറിയിക്കാത്തതുമായ പുതിയ കമന്റുകളും നിരീക്ഷണങ്ങളും നിഗമനങ്ങളും അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ കഴിയില്ല എന്നും മന്ത്രി കമ്മിറ്റിയെ ബോധിപ്പിച്ചു. സർക്കാറിന്റെ അഭിപ്രായങ്ങൾക്കായി അയച്ച് നൽകിയ കിഫ്ബി സംബന്ധമായ കരട് ഓഡിറ്റ് പരാമർശങ്ങളും നിയമസഭയിൽ സമർപ്പിക്കുന്നതിനായി നൽകിയ അന്തിമ റിപ്പോർട്ടിലെ ഭാഗവും തുലോം വിഭിന്നവും തികച്ചും പുതിയതുമാണ്. ഇത് ഓഡിറ്റ് സംബന്ധിച്ച സി.&എ.ജി.-യുടെ 2007-ലെയും, 2020-ലെയും റഗുലേഷനുകളിൽ പ്രതിപാദിക്കുന്ന നടപടിക്രമങ്ങളുടെ ലംഘനമാണ്. സർക്കാരിനു നൽകി, അഭിപ്രായങ്ങൾ കേട്ട്, അതിനു സമ്പൂർണ്ണ പരിഗണന നൽകിയല്ലാതെ, തീർത്തും പുതിയതും ദൂരവ്യാപക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതുമായ നിഗമനങ്ങളും നിരീക്ഷണങ്ങളും എഴുതി ചേർത്ത സി.&എ.ജി.-യുടെ നടപടി അവരുടെതന്നെ ചട്ടങ്ങൾക്കു വിരുദ്ധമാണ്. ആയതിനാൽ സി.&എ.ജി. റിപ്പോർട്ട് ചട്ട പ്രകാരം തയ്യാറാക്കപ്പെട്ടതല്ലായെന്നു കാണാം.

(xiii) അരുൺകുമാർ അഗർവാൾ V/s യൂണിയൻ ഓഫ് ഇന്ത്യ & അദേഴ്സ് [WP(Civil) No. 61 of 2012] കേസിൽ സുപ്രീംകോടതി, സി.&എ.ജി. ഓഡിറ്റിൽ ഓഡിറ്റിനു വിധേയമാകുന്ന സ്ഥാപനങ്ങൾക്കും സർക്കാരിനുമുള്ള അവകാശത്തെ സംബന്ധിച്ച് വ്യക്തമായ കണ്ടെത്തൽ നടത്തിയിട്ടുണ്ട് എന്നും അത് ഇപ്രകാരമാണ് എന്നും മന്ത്രി കമ്മിറ്റിയെ ധരിപ്പിച്ചു.

"We may, however, point out that since the report is from a constitutional functionary, it commands respect and cannot be brushed aside as such, but it is equally important to examine the comments what respective ministries have to offer on the CAGs report. The ministry can always point out, if there is any mistake in the CAGs report or the CAG has inappropriately appreciated the various issues. For instance, we cannot as such accept the CAG report in the intsant case".

(xiv) കരട് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ലാത്തതും അതീവഗുരുതരവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതും കേരള സംസ്ഥാനത്തിന്റെ ഭാവിവികസനപാതയെ ഗണ്യമായി ബാധിക്കുന്നതുമായ തീർപ്പുകളും നിഗമനങ്ങളുമാണ് കിഫ്ബി സംബന്ധമായി സി.&എ.ജി. റിപ്പോർട്ടിൽ ഉൾപ്പെടുത്തിയത്. നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ കിഫ്ബി നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യം നേരത്തെ സൂചിപ്പിച്ചതുപോലെ പശ്ചാത്തല സൗകര്യം സൃഷ്ടിക്കുന്നതിനുള്ള ഫണ്ട് രൂപീകരിക്കലാണ്. ഇതിന് അനുസൃതമായ പ്രവർത്തനങ്ങൾക്ക് ലെജിസ്ലേറ്റീവ് പെർമിഷൻ ഇല്ലായെന്നു വളരെ ഗുരുതരമായ നിഗമനങ്ങൾ ഏകപക്ഷീയമായി എഴുതി ചേർക്കുകയാണ് റിപ്പോർട്ടിൽ ചെയ്തിരിക്കുന്നത് എന്നും കമ്മിറ്റിയെ മന്ത്രി ബോധ്യപ്പെടുത്തി.

(xv) ഓഡിറ്റ് സംബന്ധിച്ച് രാജ്യത്ത് നിലവിലുള്ള റെഗുലേഷനുകൾക്കും ദേശീയവും അന്തർദേശീയവുമായ ഓഡിറ്റ് മാനദണ്ഡങ്ങൾക്കും വിരുദ്ധമായതും ഓഡിറ്റ് ചെയ്യപ്പെടുന്ന സർക്കാരിന് പറയാനുള്ളത് കേൾക്കാൻ അവസരം നൽകാതെയും എത്തിച്ചേർന്ന കിഫ്ബി സംബന്ധമായ നിഗമനങ്ങൾ ആർട്ടിക്കിൾ 151 പ്രകാരമുള്ള അന്തിമ റിപ്പോർട്ടാവില്ലെന്ന ഉത്തമ വിശ്വാസത്തിന്റെയും ബോധ്യത്തിന്റെയും അടിസ്ഥാനത്തിലാണ് ഇതു സംബന്ധമായി പ്രതികരിച്ചിട്ടുള്ളത്. ഏതൊരു പൊതുമേഖലാ ഓഡിറ്റിന്റെയും ആത്യന്തിക ഉപഭോക്താക്കൾ ജനങ്ങളാണ്. അവരുടെ ഭാവി വികസനത്തിനുള്ള അവകാശം മൗലികമാണ്. അതിനെ തകിടംമറിക്കും വിധമുള്ള നിഗമനങ്ങൾ വസ്തുതാവിരുദ്ധമായി കൂട്ടിച്ചേർക്കപ്പെട്ടത് നിയമപരമല്ല എന്നും ധനകാര്യമന്ത്രി പറഞ്ഞു.

(xvi) സർക്കാരിന്റെ ഡൊമൈനിലുള്ള ഈ റിപ്പോർട്ടിലെ ഒരു ഭാഗം തികച്ചും ചട്ട വിരുദ്ധമായി തയ്യാറാക്കപ്പെട്ടതാണെന്ന ഉത്തമബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഇതുസംബന്ധമായ പ്രസ്താവന നടത്തിയത്. റിപ്പോർട്ടിലെ ഈയൊരു കാര്യമല്ലാതെ മറ്റൊന്നും സംബന്ധിച്ച് ഒരു പ്രതികരണവും നടത്തിയിട്ടില്ലാത്തതുമാണ്. കിഫ്ബി സംബന്ധിച്ച റിപ്പോർട്ടിലെ കൂട്ടിച്ചേർക്കപ്പെട്ട ഭാഗം ഓഡിറ്റ് സംബന്ധമായ ചട്ടങ്ങളുടെ വ്യക്തമായ ലംഘനമാണെന്നും ആയത് പറയേണ്ടത് ധനകാര്യമന്ത്രിയെന്ന നിലയിൽ അർപ്പിതമായ ഉത്തരവാദിത്തമാണെന്നുമുള്ള ഉത്തമ വിശ്വാസത്തിലാണ് അത് സംബന്ധിച്ച് പ്രതിപാദിച്ചിട്ടുള്ളത്.

(xvii) നിയമസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടത് ഭരണഘടനാനുസൃതമായി നിർമ്മിക്കപ്പെട്ട നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കും വിധം തയ്യാറാക്കപ്പെട്ട റിപ്പോർട്ടാകണം. അങ്ങനെ അല്ലാതെ തയ്യാറാക്കപ്പെട്ടതെന്ന് ഉത്തമബോധ്യമുള്ള കൂട്ടിച്ചേർക്കപ്പെട്ട ഭാഗം സഭയുടെ മുമ്പാകെ അതേപോലെ എത്തുന്ന സാഹചര്യം അനുചിതവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമാകും. സഭയുടെ അവകാശങ്ങളും അധികാരങ്ങളും മാനിച്ച് റിപ്പോർട്ട് ഭരണഘടനാനുസൃതമാകണമെന്ന സദുദ്ദേശത്തോടും ഉത്തമതാൽപ്പര്യത്തോടുംകൂടി മാത്രമേ ധനമന്ത്രിയെന്ന നിലയിൽ ഇക്കാര്യത്തിൽ പ്രവർത്തിച്ചിട്ടുള്ളൂ എന്നും മന്ത്രി കമ്മിറ്റിയെ ബോധ്യപ്പെടുത്തി.

<u>**കമ്മിറ്റിയുടെ കണ്ടെത്തലുകളും നിഗമനങ്ങളും**</u>

10) ഭരണഘടനയുടെ അനുച്ഛേദം 151(2) അനുസരിച്ച് "ഒരു സംസ്ഥാനത്തിന്റെ കണക്കുകൾ സംബന്ധിച്ച ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടുകൾ ആ സംസ്ഥാനത്തെ ഗവർണർക്ക് സമർപ്പിക്കേണ്ടതും അദ്ദേഹം അവ ആ സംസ്ഥാനത്തെ നിയമനിർമ്മാണ മണ്ഡലത്തിന്റെ മുൻപാകെ വയ്പ്പിക്കേണ്ടതും ആകുന്നു." ഗവർണർക്ക് വേണ്ടി പ്രസ്തുത റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് ധനകാര്യവകുപ്പുമന്ത്രിയാണ്. സി.&എ.ജി. ആഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കി

സമർപ്പിക്കേണ്ടതിന്റെ നടപടിക്രമങ്ങൾ നിയമപ്രകാരം വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കുന്ന റിപ്പോർട്ടുകൾ സി.&എ.ജി. സംസ്ഥാന ധനകാര്യ വകുപ്പ് സെക്രട്ടറി മുഖേനയാണ് ഗവർണർക്ക് സമർപ്പിക്കുന്നത്. ഗവർണർ റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാൻ നിർദ്ദേശിച്ച് ധനകാര്യ വകുപ്പിന് തിരികെ നൽകിയ ശേഷം അടുത്ത നിയമസഭാ സമ്മേളനത്തിൽ, നിശ്ചയിക്കപ്പെട്ട ഒരു ദിവസം ധനകാര്യവകുപ്പ് മന്ത്രി റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ് തുടർന്നുവരുന്ന നടപടിക്രമം.

11) നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുമ്പോൾ മാത്രമേ റിപ്പോർട്ട് സഭയുടെ സ്വത്താകുന്നുള്ളൂ. ഭരണഘടനയിലോ നിയമങ്ങളിലോ സ്റ്റാറ്റ്യൂട്ടുകളിലോ നിർദ്ദേശിക്കപ്പെട്ട പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട എല്ലാ കടലാസ്സുകൾക്കും റിപ്പോർട്ടുകൾക്കും ഇത് ബാധകമാണ്. സി.&എ.ജി.-യുടെ ആഡിറ്റ് റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വച്ചുകഴിഞ്ഞാൽ അവ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ/പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ പരിഗണനയിലേക്ക് പോകുന്നതായി ഗണിക്കപ്പെടുന്നതാണ് പാർലമെന്റിലേയും സംസ്ഥാന നിയമസഭകളിലേയും കീഴ്‌വഴക്കം. സി.&എ.ജി. റിപ്പോർട്ടുകളിലെ പരാമർശങ്ങൾ സംബന്ധിച്ച് പരിശോധന നടത്തുന്നതിന്റെ ചുമതല ബന്ധപ്പെട്ട കമ്മിറ്റികൾക്കായതിനാൽ റിപ്പോർട്ട് പരാമർശങ്ങൾ സംബന്ധിച്ച് നിയമസഭയിൽ ചർച്ച നടത്താറില്ല.

12) 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഫിനാൻസ് സംബന്ധിച്ച സി.&എ.ജി.-യുടെ റിപ്പോർട്ടിലെ ചിലഭാഗങ്ങൾ ധനകാര്യ വകുപ്പുമന്ത്രി 2020 നവംബർ 1-ന് മാധ്യമങ്ങളോട് വെളിപ്പെടുത്തിയെന്നതാണ് ശ്രീ. വി. ഡി. സതീശൻ എം.എൽ.എ.-യുടെ അവകാശലംഘന നോട്ടീസിന് ആധാരം. കമ്മിറ്റി മുമ്പാകെ ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. ഹാജരാകുകയും നോട്ടീസ് സംബന്ധിച്ച് കമ്മിറ്റി ഉന്നയിച്ച ചോദ്യങ്ങൾക്ക് മറുപടി നൽകുകയും കൂടുതൽ വിവരങ്ങൾ എഴുതി നൽകുകയും ചെയ്തു. ധനകാര്യവകുപ്പ് മന്ത്രി ഡോ. ടി. എം. തോമസ് ഐസക് കമ്മിറ്റി മുമ്പാകെ ഹാജരാകുകയും ശ്രീ. വി. ഡി. സതീശൻ എം.എൽ.എ.-യുടെ ആരോപണങ്ങൾക്കും കമ്മിറ്റിയുടെ ചോദ്യങ്ങൾക്കും മറുപടി നൽകുകയും ചെയ്തു. ധനകാര്യവകുപ്പ് മന്ത്രി ഡോ. ടി. എം. തോമസ് ഐസക് കമ്മിറ്റി മുമ്പാകെ തന്റെ വാദങ്ങൾ വിശദമായി പറയുകയും അവയെ സാധൂകരിക്കുവാനായി നിരവധി രേഖകൾ സമർപ്പിക്കുകയും ചെയ്തു.

13) 2021 ജനുവരി 8-ന് ചേർന്ന യോഗത്തിൽ കമ്മിറ്റി ശ്രീ. വി. ഡി. സതീശൻ എം.എൽ.എ-യും, ഡോ. ടി. എം. തോമസ് ഐസക്കും കമ്മിറ്റി മുമ്പാകെ സമർപ്പിച്ച വാദങ്ങൾ വിശദമായി പരിശോധിച്ചു. കേരള നിയമസഭയുടെ ചരിത്രത്തിൽ ഇതിന് സമാനമായ ഒരു സംഭവം ഉണ്ടായിട്ടില്ല എന്ന് നിരീക്ഷിച്ച കമ്മിറ്റി ഇതിനോട് സാദൃശ്യമുള്ള ഒരു സംഭവം സംബന്ധിച്ച് രാജ്യസഭയുടെ പ്രിവിലേജസ് കമ്മിറ്റി മുമ്പാകെ വന്ന ഒരു പരാതി സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചു.

14) പാർലമെന്റിന്റെ മേശപ്പുറത്തു വയ്ക്കുന്നതിന് മുൻപ് സി.&എ.ജി. റിപ്പോർട്ടിലെ ചില പരാമർശങ്ങൾ ചില ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചത് രാജ്യസഭയുടെ അവകാശലംഘനമാണെന്ന് ആരോപിച്ച് ശ്രീ. കെ. സി. ത്യാഗി, എം.പി. 1-7-2014-ന് രാജ്യസഭാ ചെയർമാന് സമർപ്പിച്ച നോട്ടീസ് രാജ്യസഭാ പ്രിവിലേജസ് കമ്മിറ്റിക്ക് റഫർ ചെയ്യപ്പെടുകയും കമ്മിറ്റി 25-7-2017-ന് ഈ വിഷയത്തിൽ രാജ്യസഭയിൽ റിപ്പോർട്ട് (65-ാമത് റിപ്പോർട്ട്) സമർപ്പിക്കുകയും ചെയ്തു. വളരെ വിശദമായ തെളിവെടുപ്പുകൾക്ക് ശേഷമാണ് കമ്മിറ്റി പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയത്. സി. & എ. ജി. റിപ്പോർട്ടിലെ ചില പരാമർശങ്ങൾ മാധ്യമങ്ങൾക്ക് ചോർത്തി നൽകിയത് ആം ആദ്മി പാർട്ടി നേതാവായ അഡ്വ. പ്രശാന്ത് ഭൂഷൺ ആണെന്നും അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കണമെന്നുമായിരുന്നു അവകാശലംഘന നോട്ടീസിൽ ആവശ്യപ്പെട്ടിരുന്നത്. സഭയുടെ മേശപ്പുറത്ത് വയ്ക്കും മുമ്പേ സി&എ.ജി റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നത് അവകാശലംഘനമാണോയെന്നും അഡ്വ. പ്രശാന്ത് ഭൂഷൺ, വാർത്ത പ്രസിദ്ധീകരിച്ച പത്ര സ്ഥാപനത്തിന്റെ ചീഫ് എഡിറ്റർ, സി.&എ.ജി.-യുടെ ഓഫീസ് എന്നിവർ അവകാശലംഘനം നടത്തിയിട്ടുണ്ടോയെന്നുമാണ് രാജ്യസഭാ കമ്മിറ്റി പരിശോധിച്ചത്. ഈ വിഷയത്തിൽ ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത കമ്മിറ്റി, സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനു മുൻപ് സി.&എ.ജി. റിപ്പോർട്ടിലെ വിവരങ്ങൾ പുറത്താകുന്നത് സഭയുടെ അവകാശങ്ങളുടെ ലംഘനമാവില്ല എന്നാണ് കണ്ടെത്തിയത്. എങ്കിലും ഇപ്രകാരം ചെയ്യുന്നതിൽ അനൗചിത്യമുണ്ടെന്നും കമ്മിറ്റി നിരീക്ഷിച്ചു. രാജ്യസഭാ പ്രിവിലേജസ് കമ്മിറ്റിയുടെ നിരീക്ഷണം ധനകാര്യവകുപ്പ് മന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനെതിരെയുള്ള അവകാശലംഘന പ്രശ്നത്തിലും സംഗതമാണെന്ന് കമ്മിറ്റി നിരീക്ഷിക്കുന്നു. ഈ നിരീക്ഷണത്തിന് ഉപോദ്ബലകമായ കാരണങ്ങൾ ഇപ്രകാരമാണ്:

15) ധനകാര്യവകുപ്പ് മന്ത്രി ഔദ്യോഗിക രഹസ്യ നിയമം ലംഘിച്ചു എന്ന് ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. ആരോപിച്ചിരുന്നു. സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് മുമ്പ് ബജറ്റ് രേഖകൾ ചോർന്ന സംഭവങ്ങൾ മുമ്പ് ഉണ്ടായിട്ടുണ്ടെങ്കിലും അവകാശലംഘനത്തിന് നടപടി സ്വീകരിച്ചിട്ടില്ല. കൗൾ & ശക്ധറിന്റെ "പ്രാക്ടീസ് ആൻഡ് പ്രൊസീഡ്യുവർ ഓഫ് പാർലമെന്റ് " എന്ന ആധികാരിക ഗ്രന്ഥത്തിൽ "Leakage of budget proposal or official secrets does not form any basis for breach of privilege" എന്നു പറഞ്ഞിട്ടുണ്ട്. പാർലമെന്റിന്റെ മേശപ്പുറത്തുവയ്ക്കും മുമ്പ് സി.&എ.ജി. റിപ്പോർട്ടിന്റെ ഉള്ളടക്കം പുറത്താകുന്നത് അവകാശലംഘനമാവുമോ എന്ന് ആരാഞ്ഞ് സി.&എ.ജി. ആയിരുന്ന ശ്രീ.വിനോദ് റായ് 3-8-2011-ന് ലാ & ജസ്റ്റീസ് മന്ത്രാലയത്തിന് നൽകിയ കത്തിന് അന്നത്തെ അറ്റോർണി ജനറൽ ശ്രീ.ജി.ഇ.വഹൻവതി നൽകിയ മറുപടിയിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്.

"Q. (ii) Whether these reports may be treated as 'secret' till they are actually tabled?

Ans: There is no concept of 'secrecy' as such under the Right to Information Act other than under section 8. Further, the Official Secrets Acts, 1923 may not apply since what broadly could be described as an official secret is such as affects sovereignty and integrity of India, the security of the State or friendly relations with foreign States (see section 3 of the OSA, 1923). However, it must be acknowledged that the CAG has a very significant role to play under the Constitution and the concern that the contents of drafts etc. should not be made public till the final order report is tabled is justified. This is a larger issue which requires deeper consideration at the level of the Legislative Department as to whether a suitable amendment in this behalf should not be resorted to. "

16) 2005-ലെ വിവരാവകാശ നിയമത്തിന്റെ സെക്ഷൻ 8-ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഒഴികെയുള്ള വിവരങ്ങൾ 'രഹസ്യം' എന്ന് കരുതാനാവില്ല. മാത്രവുമല്ല ഔദ്യോഗിക രഹസ്യ നിയമം ലംഘിച്ചുവെന്ന വിഷയം നിയമസഭാ കമ്മിറ്റിയുടെ അധികാര പരിധിയിൽ വരുന്ന ഒന്നല്ല എന്ന കമ്മിറ്റിയുടെ അഭിപ്രായത്തോട് ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. കമ്മിറ്റി മുമ്പാകെ യോജിച്ചിട്ടുമുണ്ട്. അറ്റോർണി ജനറലിന്റെ അഭിപ്രായം മുൻനിർത്തികൊണ്ട്, സി.&എ.ജി.-യുടെ പ്രവർത്തനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സി.&എ.ജി.-യുടെ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് മുമ്പ് അതിലെ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നത് സംബന്ധിച്ച ആശങ്ക ശ്രീ.വി.ഡി.സതീശൻ പ്രകടിപ്പിക്കുന്നത് തികച്ചും സദുദ്ദേശ്യത്തോടെയാണെന്ന് കമ്മിറ്റി നിരീക്ഷിക്കുന്നു. സി.&എ.ജി. റിപ്പോർട്ടുകളുടെ രഹസ്യ സ്വഭാവം സംബന്ധിച്ച 27-2-2013-ലെ 111/S/5/258-PPG/24-2013 നമ്പർ സർക്കുലറിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതുവരെ റിപ്പോർട്ട് ഔദ്യോഗിക രഹസ്യ രേഖയാണെന്ന് സ്പഷ്ടീകരിച്ചിട്ടുള്ളത് എല്ലാ പൗരന്മാർക്കും ബാധകമാണ് എന്ന് അദ്ദേഹം കമ്മിറ്റി മുമ്പാകെ വാദിച്ചിരുന്നു. എന്നാൽ ടി സർക്കുലർ ഓഡിറ്റ് ഉദ്യോഗസ്ഥർക്കും സി.&എ.ജി. ഓഫീസിലെ വിവിധ വകുപ്പുകൾക്കും മാത്രം ബാധകമായിട്ടുള്ളതാണെന്നും ഭരണഘടന വ്യവസ്ഥകളിലോ നിയമങ്ങളിലോ റിപ്പോർട്ട് രഹസ്യ രേഖയാണെന്ന് പറയുന്നില്ല എന്നും കമ്മിറ്റി നിരീക്ഷിക്കുന്നു. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ സി.&എ.ജി. റിപ്പോർട്ട് ഒരു രഹസ്യ രേഖ ആണെന്ന് കരുതാനാവില്ല എന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നു.

17) ധനകാര്യ വകുപ്പ് സെക്രട്ടറിക്ക് അതീവ രഹസ്യമായി സി.&എ.ജി. കൈമാറിയ റിപ്പോർട്ട് ധനകാര്യമന്ത്രി ചോർത്തിയെടുക്കുകയായിരുന്നു എന്ന ആരോപണം നിലനിൽക്കുന്നതല്ല. കാരണം വകുപ്പിന്റെ ചുമതലയുള്ള, സഭയിൽ പ്രസ്തുത റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കേണ്ട മന്ത്രി റിപ്പോർട്ട് കാണുന്നതിൽ എന്തെങ്കിലും അപാകത ഉണ്ടെന്ന് കമ്മിറ്റി കാണുന്നില്ല.

18) സഭയിൽ സമർപ്പിച്ചിട്ടില്ലാത്ത സഭാ സമിതികളുടെ റിപ്പോർട്ടിലെ വിവരങ്ങൾ പുറത്താവുന്നത് അവകാശലംഘനമാണെന്ന് കൗൾ & ശക്ധർ അർത്ഥശങ്കയ്ക്കിടയില്ലാതെ പറഞ്ഞിട്ടുണ്ടെങ്കിലും ഭരണഘടനയിലെയോ നിയമങ്ങളിലെയോ സ്റ്റാറ്റ്യൂട്ടുകളിലെയോ വ്യവസ്ഥകൾക്കനുസരിച്ച് മേശപ്പുറത്ത് വയ്ക്കേണ്ട റിപ്പോർട്ടുകളിലെ വിവരങ്ങൾ പുറത്താകുന്നത് അവകാശലംഘനമാണെന്ന് പറഞ്ഞിട്ടില്ല. മുകളിൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഫിനാൻസ് സംബന്ധിച്ച സി.&എ.ജി.-യുടെ റിപ്പോർട്ടിലെ ചില വിവരങ്ങൾ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം തോമസ് ഐസക് മാധ്യമങ്ങൾക്ക് നൽകിയത് നിയമസഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്ന ആരോപണം നിലനിൽക്കുന്നതല്ല എന്ന് കമ്മിറ്റി നിരീക്ഷിക്കുന്നു.

19) മന്ത്രിമാർ അവകാശലംഘനം നടത്തിയെന്ന പരാതികൾ ഉണ്ടായിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ പ്രിവിലേജസ് കമ്മിറ്റിക്ക് റഫർ ചെയ്ത ചരിത്രം കേരള നിയമസഭയിലില്ല. ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. ധനകാര്യവകുപ്പ് മന്ത്രി ഡോ.ടി.എം.തോമസ് ഐസക്കിനെതിരെ നൽകിയ അവകാശ ലംഘന നോട്ടീസ് പ്രാഥമിക നടപടിയെന്ന നിലയിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിനായി അയച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടിയിൽ നോട്ടീസ് വിഷയം സംബന്ധിച്ച് പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയിൽ കാര്യങ്ങൾ വിശദമാക്കാൻ താൻ സന്നദ്ധനാണെന്ന് ബഹു. സ്പീക്കറെ അറിയിച്ചിരുന്നു. സംസ്ഥാന മന്ത്രിസഭയിലെ ഒരംഗം പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയിൽ ഹാജരായി വിശദീകരണം നൽകിയത് കമ്മിറ്റിയെ സംബന്ധിച്ച് അസാധാരണമായ ഒരു സംഭവമാണ്.

20) 2018-19 സാമ്പത്തിക വർഷത്തെ സി.&എ.ജി. റിപ്പോർട്ടിൽ കിഫ്ബിയെ പ്പറ്റിയുള്ള പരാമർശങ്ങൾ ധനകാര്യ വകുപ്പുമന്ത്രി മാധ്യമങ്ങളോട് വെളിപ്പെടുത്തിയെന്ന ശ്രീ. വി. ഡി. സതീശൻ എം.എൽ.എ.-യുടെ ആരോപണം അദ്ദേഹം കമ്മിറ്റി മുമ്പാകെ നിഷേധിച്ചില്ല. അങ്ങനെ ഒരു വെളിപ്പെടുത്തൽ നടത്താനിടയായ സാഹചര്യം അദ്ദേഹം കമ്മിറ്റി മുമ്പാകെ വിശദീകരിക്കുകയും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുകയും ചെയ്തു.

21) നിലവിലുള്ള ചട്ടങ്ങളും കീഴ്‌വഴക്കങ്ങളും മറികടന്ന് ആഡിറ്റ് റിപ്പോർട്ടിൽ ചില കൂട്ടിച്ചേർക്കലുകൾ സി.&എ.ജി. നടത്തിയതാണ് ആ പരാമർശങ്ങൾ വെളിപ്പെടുത്താ

നിടയാക്കിയ അസാധാരണ സാഹചര്യം സൃഷ്ടിച്ചതെന്ന് ധനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിൽ നിന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടു. ധനകാര്യ വകുപ്പുമന്ത്രി ചൂണ്ടിക്കാട്ടിയ ഗൗരവമുള്ള കാര്യങ്ങൾ ഇവയാണ്:—

(i) മസാല ബോണ്ട് വഴി 'കിഫ്ബി' പണം സമാഹരിക്കുന്നത് ഭരണഘടനയുടെ ഏഴാം പട്ടികയിലെ യൂണിയൻ ലിസ്റ്റ് 1-ലെ ഇനം 37-ന് വിരുദ്ധമാണെന്ന് റിപ്പോർട്ടിൽ പറയുന്നു. എന്നാൽ 37-ാം ഇനം വിദേശ വായ്പയെ സംബന്ധിക്കുന്ന നിയമനിർമ്മാണം നടത്താൻ പാർലമെന്റിന് മാത്രമേ അധികാരമുള്ളൂ എന്നതാണ്. വിദേശവായ്പ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിന് മാത്രമാണധികാരം എന്ന് ഭരണഘടന പറയുന്നില്ല. 1999 മുതൽ 2018 വരെ കിഫ്ബി ആഡിറ്റിന് വിധേയമായെങ്കിലും ആ റിപ്പോർട്ടുകളിലൊന്നും ഇത് പരാമർശിച്ചിട്ടില്ല. ഇപ്പോഴത്തെ റിപ്പോർട്ടിന്റെ കരട് റിപ്പോർട്ടിന്റെ എക്സിറ്റ് മീറ്റിംഗിൽ പോലും ഈ ചോദ്യം ഉന്നയിച്ചില്ല എന്നു മാത്രമല്ല അതിനുശേഷം ഓഡിറ്റ് വ്യവസ്ഥകൾക്ക് വിരുദ്ധമായി എട്ടു ഖണ്ഡികകൾ എഴുതി ചേർത്തതിൽ ദുരുദ്ദേശ്യമുണ്ട്.

(ii) കരട് ആഡിറ്റ് റിപ്പോർട്ട് സർക്കാരിന് നൽകി അതിന്മേൽ അഭിപ്രായങ്ങൾ സ്വീകരിച്ചശേഷം എക്സിറ്റ് മീറ്റിംഗിൽ നിഗമനങ്ങളും നിരീക്ഷണങ്ങളും അവതരിപ്പിച്ച് അതിന്റെ മിനിട്ട്സ് സർക്കുലേറ്റ് ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുകയെന്ന ആഡിറ്റ് നടപടിക്രമം കിഫ്ബിയെ സംബന്ധിച്ച പരാമർശങ്ങൾ കൂട്ടിച്ചേർത്തതിലൂടെ ലംഘിക്കപ്പെട്ടിരിക്കുകയാണ്.

(iii) എക്സിറ്റ് മീറ്റിംഗിൽ പോലും ഉയർന്നു വരാത്ത കാര്യങ്ങൾ അടങ്ങുന്ന റിപ്പോർട്ട് കരട് റിപ്പോർട്ടാണെന്ന ധാരണയിലാണ് ഇക്കാര്യങ്ങൾ പുറത്തു പറയാനിടയായത്. പ്രസ്തുത പരാമർശങ്ങൾ പരസ്യമാക്കിയതിൽ അനൗചിത്യമുണ്ടെന്ന് സമ്മതിക്കുന്നുവെങ്കിലും ചട്ടവിരുദ്ധമായ ഒരു പ്രവർത്തിയെ പ്രതിരോധിക്കുകയായിരുന്നു അതിന്റെ ലക്ഷ്യം.

(iv) ക്രമക്കേടുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുന്നതിനോടോ വിമർശനങ്ങളുന്നയിക്കുന്നതിനോടോ എതിർപ്പില്ല. പക്ഷേ ഇങ്ങനെ ചെയ്യും മുമ്പ് ആഡിറ്റ് റെഗുലേഷനിലെ വ്യവസ്ഥകൾ പാലിച്ച് സർക്കാരിന്റെ അഭിപ്രായം കൂടി കേൾക്കേണ്ടതാണ്. മാത്രവുമല്ല ഇത് സാമാന്യ നീതിയുടെ പ്രശ്നം കൂടിയാണ്. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സിവിൽ & കൊമേഴ്സ്യൽ) ഓഡിറ്റ്, കേരള 2010-ൽ പുറപ്പെടുവിച്ച മാന്വൽ ഓഫ് റിപ്പോർട്ട് (സിവിൽ സെക്ഷൻ)-ലെ ഖണ്ഡിക 2.04, 2.05 എന്നിവയുടെ നഗ്നമായ ലംഘനമാണ് കിഫ്ബിയെ സംബന്ധിച്ച് റിപ്പോർട്ടിൽ വന്ന പരാമർശങ്ങൾ. സി.&എ.ജി.-യുടെ സർക്കുലറുകളെയും മറ്റും അടിസ്ഥാനമാക്കി മധ്യപ്രദേശ് അക്കൗണ്ടന്റ് ജനറൽ 2014 മാർച്ച് 30-ന് പുറത്തിറക്കിയ മാന്വൽ ഓഫ് റിപ്പോർട്ടിലെ ഫൈനൽ ഡ്രാഫ്റ്റ് റിപ്പോർട്ടിൽ പുതിയതായി ഒരു ഖണ്ഡിക പോലും കൂട്ടിച്ചേർക്കരുതെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

(v) സർക്കാരിന്റെ അഭിപ്രായങ്ങൾക്കായി അയച്ചു തന്ന കിഫ്ബി സംബന്ധമായ കരട് ഓഡിറ്റ് പരാമർശങ്ങളും നിയമസഭയിൽ സമർപ്പിക്കുന്നതിനായി നൽകിയ അന്തിമ റിപ്പോർട്ടിലെ ഭാഗവും വിഭിന്നമാണ്. കേരള സംസ്ഥാനത്തിന്റെ ഭാവി വികസന പാതയെ പ്രതികൂലമായി ബാധിക്കുന്ന നിഗമനങ്ങളും പരാമർശങ്ങളുമാണ് പ്രസ്തുത റിപ്പോർട്ടിൽ ഉള്ളതെന്നതിനാൽ അതിനെതിരെയുള്ള സ്വാഭാവിക പ്രതികരണമാണ് നടത്തിയത്. സംസ്ഥാനത്തെ ജനങ്ങളെ നേരിട്ട് ബാധിക്കുന്ന ഒരു വിഷയത്തിൽ, ധനകാര്യ മന്ത്രിയെന്ന നിലയിൽ അർപ്പിതമായ ഉത്തരവാദിത്തത്തെപ്പറ്റി കൃത്യമായ ബോധ്യമുള്ളതുകൊണ്ടും നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ട റിപ്പോർട്ട് നിയമാനുസൃതം തയ്യാറാക്കപ്പെട്ടതാകണമെന്ന സദുദ്ദേശ്യത്തോട് കൂടിയുമാണ് റിപ്പോർട്ട് ഭാഗം സംബന്ധിച്ച പ്രതികരണമുണ്ടായത്.

22) ധനകാര്യ വകുപ്പ് മന്ത്രി ഡോ.ടി.എം.തോമസ് ഐസക് കമ്മിറ്റി മുമ്പാകെ വെളിപ്പെടുത്തിയ മേൽപ്പറഞ്ഞ വിവരങ്ങൾ വളരെ ഗൗരവമുള്ളതും അമ്പരപ്പുളവാക്കുന്നതു മാണെന്ന് കമ്മിറ്റി നിരീക്ഷിക്കുന്നു. തമിഴ്നാട്, പഞ്ചാബ്, ഒറീസ്സ, ഗുജറാത്ത് തുടങ്ങി നിരവധി സംസ്ഥാനങ്ങളിൽ കിഫ്ബിക്ക് സമാനമായ അടിസ്ഥാന സൗകര്യ വികസന ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെയൊന്നും സി.&എ.ജി. ആഡിറ്റ് റിപ്പോർട്ടിൽ ഇപ്പോൾ കിഫ്ബിക്കെതിരെ നടത്തിയതരം പരാമർശങ്ങൾ ഉണ്ടായിട്ടില്ല എന്നതും സംസ്ഥാന സർക്കാരിന്റെ വികസന പദ്ധതികൾക്കെതിരെ വിവിധ ഏജൻസികൾ ആസൂത്രിതമായ നീക്കങ്ങൾ നടത്തുന്നുവെന്ന ആരോപണങ്ങളും ചേർത്തു വായിക്കുമ്പോൾ സർക്കാർ ഭാഗം കേൾക്കാതെ ദൂരവ്യാപക പ്രതികൂലഫലങ്ങൾ സൃഷ്ടിക്കാവുന്ന പരാമർശങ്ങൾ റിപ്പോർട്ടിൽ ഇടംപിടിച്ചതിലുള്ള ധനകാര്യ മന്ത്രിയുടെ ആശങ്ക ലഘൂകരിച്ച് കാണാൻ കഴിയില്ലെന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നു. ധനകാര്യവകുപ്പ് മന്ത്രിയുടെ ഭാഗത്തു നിന്ന് അവകാശലംഘന മുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാനായി കമ്മിറ്റി മുമ്പാകെ റഫർ ചെയ്യപ്പെട്ട ശ്രീ. വി. ഡി. സതീശൻ എം.എൽ.എ.യുടെ നോട്ടീസിലെ പരിഗണനാവിഷയത്തെ അവകാശലംഘന പ്രശ്നം മാത്രമായി കേവലവൽക്കരിക്കുന്നത് യുക്തിസഹമല്ലെന്നും, ഈ വിഷയം ഉയർത്തുന്ന സാമാന്യ നീതിയുടെ നിഷേധവും, വികസന പദ്ധതികൾ പ്രതിബന്ധങ്ങളില്ലാതെ സുഗമമായി പുരോഗമിക്കണമെന്ന സംസ്ഥാനത്തെ ജനങ്ങളുടെ അവകാശാഭിലാഷങ്ങളുടെ ലംഘനം ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്നുവെന്ന ആക്ഷേപവും പൊതു സമൂഹവും നിയമസഭയും ചർച്ച ചെയ്യേണ്ടതാണെന്നതാണ് കമ്മിറ്റിയുടെ സുചിന്തിതമായ അഭിപ്രായം.

23) ഭരണഘടനാദത്തമായ അധികാരങ്ങളുള്ള ഒരു സുപ്രധാന സ്ഥാപനമാണ് ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ ഓഫീസ്. ഭരണഘടനാ സ്ഥാപനമായ നിയമസഭയും സി.&എ.ജി.-യുടെ ഓഫീസും തമ്മിൽ പരസ്പര

ബഹുമാനത്തിലൂന്നിയ ഊഷ്മളമായ ഒരു ബന്ധമാണ് നിലനിന്നു പോരുന്നത്. മുമ്പെങ്ങുമില്ലാത്ത വിധം ആഡിറ്റ് റിപ്പോർട്ടിൽ സർക്കാരിന് ഒരു സൂചനയും നൽകാതെ ചില കൂട്ടിച്ചേർക്കലുകൾ നടത്തിയ സംഭവം മൂലം ഈ ബന്ധത്തിന് ഉലച്ചിൽ തട്ടരുതെന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നു. ധനകാര്യവകുപ്പുമന്ത്രി ആരോപിക്കുന്ന വിധം സ്ഥാപിത താൽപ്പര്യത്തോടെ നടത്തുന്ന കൂട്ടിച്ചേർക്കലുകൾ ആ മഹത്തായ സ്ഥാപനത്തിന്റെ വിശ്വാസ്യതയ്ക്ക് കളങ്കമേൽപ്പിക്കുമെന്ന കാര്യത്തിൽ കമ്മിറ്റി ഉത്ക്കണ്ഠ രേഖപ്പെടുത്തുകയും ഇത്തരത്തിലുള്ള സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കില്ല എന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു.

## കമ്മിറ്റിയുടെ ശിപാർശ

24) നിയമസഭയുടെ മേശപ്പുറത്തു വച്ചിട്ടില്ലാത്ത കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടിലെ ചില പരാമർശങ്ങൾ ധനകാര്യ വകുപ്പുമന്ത്രി ഡോ.ടി.എം.തോമസ് ഐസക് മാധ്യമങ്ങളോട് വെളിപ്പെടുത്തിയത് സഭയോടുള്ള കടുത്ത അനാദരവും സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനവുമാണെന്ന ശ്രീ. വി. ഡി. സതീശൻ എം.എൽ.എ-യുടെ ആരോപണം പാർലമെന്ററി കീഴ്‌വഴക്കങ്ങളുടെയും കമ്മിറ്റി മുമ്പാകെ വന്ന തെളിവുകളുടെയും ധനകാര്യ മന്ത്രിയുടെ വിശദീകരണത്തിന്റെയും വെളിച്ചത്തിൽ നിലനിൽക്കുന്നതല്ല എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ധനകാര്യവകുപ്പ് മന്ത്രി ഡോ.ടി.എം.തോമസ് ഐസക്കിനെതിരെയുള്ള അവകാശലംഘന നോട്ടീസിൽ നടപടികൾ അവസാനിപ്പിക്കാൻ കമ്മിറ്റി ശിപാർശ ചെയ്യുന്നു. ആഡിറ്റ് റിപ്പോർട്ടിൽ ചില പേജുകൾ കൂട്ടിച്ചേർത്തതിൽ ദുരൂഹതയുണ്ടെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ ആരോപണം വസ്തുതാധിഷ്ഠിതമാണെന്നും റിപ്പോർട്ടിലെ വിവരങ്ങൾ വെളിപ്പെടുത്താനിടയായ അവസ്ഥാവിശേഷം ആവർത്തിക്കാനിടവരരുതെന്നും സർക്കാറും സി.&എ.ജി.യുടെ ഓഫീസും നിയമസഭയും തമ്മിൽ ആരോഗ്യകരമായ ബന്ധം നിലനിർത്തേണ്ടത് ക്രിയാത്മകമായ ജനാധിപത്യ പ്രക്രിയക്ക് അനിവാര്യമാണെന്നും ആയതിനാൽ ഇക്കാര്യം സംബന്ധിച്ച് വിശദമായ ചർച്ച സഭയിലുണ്ടാകുന്നത് ഉചിതമാണെന്നും കമ്മിറ്റി അഭിപ്രായപ്പെടുന്നു.

<u>അനുബന്ധം 1</u>

വി. ഡി. സതീശൻ
(പറവൂർ )
മെമ്പർ
കേരള നിയമസഭ

16-11-2020

ബഹുമാനപ്പെട്ട സ്പീക്കർ,

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 154 പ്രകാരം ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക്കിനെതിരെ താഴെ പറയുന്ന കാരണങ്ങളാൽ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ഞാൻ നോട്ടീസ് നൽകുന്നു.

കിഫ്ബി 2150 കോടി രൂപയുടെ മസാല ബോണ്ട് വിദേശ മാർക്കറ്റിൽ വിറ്റിരുന്നു. 9.723 ശതമാനം കൂപ്പർ റേറ്റിലാണ് മസാല ബോണ്ട് വിതരണം ചെയ്തത്. 5 വർഷ തിരിച്ചടവ് കാലാവധിയും അർദ്ധവാർഷിക അടിസ്ഥാനത്തിൽ പലിശയുമുള്ള പ്രസ്തുത ബോണ്ട് കാലാവധി പൂർത്തിയാകുമ്പോൾ പലിശ സഹിതം 3195.23 കോടി രൂപ മടക്കി നൽകേണ്ടി വരും. ഈ ബോണ്ടിന് ഭരണഘടനയുടെ ആർട്ടിക്കിൾ 293 (1) അനുസരിച്ച് കേരള സംസ്ഥാന സർക്കാർ ഗ്യാരന്റിയും നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിയമാനുസൃതം പരിശോധന നടത്തിയ സി.ആന്റ്.എ.ജി. പ്രസ്തുത മസാല ബോണ്ട് വിദേശത്ത് വിറ്റഴിച്ചതും, അതിന് സർക്കാർ ഗ്യാരന്റി നൽകിയതും ഭരണഘടനാ വിരുദ്ധമാണെന്ന് കണ്ടെത്തിയെന്നാണ് മാധ്യമ റിപ്പോർട്ടുകൾ വന്നിട്ടുള്ളത്. കിഫ്ബിയിൽ സി.ആന്റ്.എ.ജി. നടത്തിയ ആഡിറ്റിന്റെ റിപ്പോർട്ട് ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അറിയിക്കുവാൻ സി.ആന്റ്.എ.ജി. ധനകാര്യ സെക്രട്ടറിക്ക് കൈമാറുക എന്നുള്ളതാണ് നിലവിലെ നടപടിക്രമം. അത് അതീവരഹസ്യമായി സൂക്ഷിക്കേണ്ടതും നിയമസഭയിൽ റിപ്പോർട്ട് രൂപത്തിൽ സമർപ്പിക്കുന്നതിന് മുമ്പ് അത് പരസ്യപ്പെടുത്തുന്നത് നിയമസഭയുടെ അധികാരങ്ങളിലുള്ള കടന്നു കയറ്റവുമാണ്.

14-11-2020-ൽ ധനകാര്യ വകുപ്പുമന്ത്രി ഒരു പത്രസമ്മേളനം വിളിച്ച് സി.ആന്റ്.എ.ജി.യുടെ റിപ്പോർട്ടിലെ ചില ഭാഗങ്ങൾ വെളിപ്പെടുത്തിക്കൊണ്ട്, ഭരണഘടനാ സ്ഥാപനമായ സി.ആന്റ്.എ.ജി. അതിൽ നിക്ഷിപ്തമായിട്ടുള്ള അധികാരപ്രകാരം നടത്തിയ ആഡിറ്റിനെ വിമർശിക്കുകയും, ലോകം അംഗീകരിച്ച ആഡിറ്റിന്റെ അടിസ്ഥാനപാഠം മറന്ന് രാഷ്ട്രീയ യജമാനന്മാർക്ക് വേണ്ടി അവർ വേട്ടക്ക്

ഇറങ്ങിയിരിക്കുകയാണെന്നും ഉള്ള പരാമർശം നടത്തുകയാണ് ഉണ്ടായത്. ധനകാര്യ സെക്രട്ടറിക്ക് അതീവരഹസ്യമായി സി.ആന്റ്.എ.ജി. കൈമാറിയ റിപ്പോർട്ട് മന്ത്രി ചോർത്തിയെടുത്ത് മാധ്യമങ്ങൾക്ക് നൽകുക എന്ന അതീവ ഗുരുതരവും, സംസ്ഥാനത്ത് ഇതുവരെ ഉണ്ടാകാത്തതുമായ ഒരു പ്രവൃത്തിയാണ് ഉണ്ടായിട്ടുള്ളത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ആഡിറ്ററായ സി.ആന്റ്.എ.ജി.യുടെ ചുമതലകൾ സംബന്ധിച്ച് ഭരണഘടനയുടെ ആർട്ടിക്കിൾ 148 മുതൽ 151 വരെയുള്ള അനുച്ഛേദത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. '

'Articles 151(2) says that the reports of the Comptroller and Auditor General of India relating to the Accounts of the State shall be submitted to the Governor of the State who shall cause them to be laid before the Legislature of the State'.

സി.ആന്റ്.എ.ജി. തയ്യാറാക്കുന്ന റിപ്പോർട്ടുകൾ ഗവർണർക്ക് സമർപ്പിക്കുകയും, അദ്ദേഹത്തിന്റെ അംഗീകാരത്തോട് കൂടി ധനകാര്യ വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും എന്നതാണ് നിലവിലുള്ള നടപടിക്രമം. അത് സഭയിൽ സമർപ്പിക്കുന്നതുവരെ ഒരു രഹസ്യരേഖയാണ്. അതിന്റെ രഹസ്യ സ്വഭാവം പൂർണ്ണമായും കാത്ത് സൂക്ഷിക്കുവാൻ ബാധ്യസ്ഥനായ മന്ത്രി തന്നെ റിപ്പോർട്ടിന്റെ ഉള്ളടക്കം പത്രസമ്മേളനം വിളിച്ച് പുറത്ത് അറിയിക്കുകയും ദൃശ്യമാധ്യമങ്ങളിൽ ഇതുസംബന്ധിച്ച ചർച്ചകളിൽ പങ്കെടുക്കുകയും ചെയ്യുക വഴി നിയമസഭയുടെയും അതിൽ നിക്ഷിപ്തമായ പ്രത്യേക അധികാര അവകാശങ്ങളുടെയും നഗ്നമായ ലംഘനം നടത്തുകയുമാണ് ഉണ്ടായിട്ടുള്ളത്.

സി.ആന്റ്.എ.ജി.-യുടെ റിപ്പോർട്ടുകളുടെ രഹസ്യസ്വഭാവം സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത സി.ആന്റ്.എ.ജി. തന്നെ അതിന്റെ 27-7-2013-ലെ സർക്കുലർ നമ്പർ III/s/5/258-PPG/24-2013-ൽ വ്യക്തമാക്കിയിട്ടുണ്ട്.

'Comptroller & Auditor General of India, under Article 151 of the Constitution, discharges a constitutional obligation in the submission of Audit Report to the President/Governor, that are tabled before the Parliament/State Legislatures. As per the extant instruction, audit reports are treated as confidential documents till they are tabled in the Parliament/State Legislature(s). Privilege is also being claimed in respect of draft audit paras and bond copy of the Audit Reports sent for signature of the CAG. According to the well established parliamentary practice, usage and convention, it is improper to give premature publicity in the press for matters connected with the business of the House i.e., in respect of Audit Reports prior to its tabling in the House'.

നിയമസഭയിൽ സമർപ്പിക്കുന്നതുവരെ ആഡിറ്റ് റിപ്പോർട്ടുകളുടെ രഹസ്യ സ്വഭാവം കാത്ത് സൂക്ഷിക്കേണ്ട വകുപ്പ് മന്ത്രി തന്നെ അത് ലംഘിക്കുകയും, റിപ്പോർട്ട് പുറത്ത് വിടുകയും ചെയ്തത് സഭയോടുള്ള കടുത്ത അനാദരവും, സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്ന് മേൽ പറഞ്ഞതിൽ നിന്നും വ്യക്തമാണ്. അതിനാൽ ധനകാര്യ വകുപ്പ്മന്ത്രിക്കെതിരെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സഭ അംഗീകരിച്ചിട്ടില്ലാത്ത ഒരു റിപ്പോർട്ട് മാധ്യമ ചർച്ചക്ക് വിധേയമാകുന്ന തരത്തിൽ മാറിയത് അത്യന്തം നിർഭാഗ്യകരവും സഭയുടെ അന്തസ്സിന് നിരക്കാത്തതും അത് സഭയുടെ അവകാശലംഘന പരിധിയിൽ വരുന്നതുമാണെന്ന് അങ്ങ് 4-2-2020-ൽ ശ്രീ. എം. ഉമ്മർ ഉന്നയിച്ച ഒരു ക്രമപ്രശ്നത്തിന് റൂളിംഗ് നൽകിയിട്ടുള്ള കാര്യം അങ്ങയെ ഓർമ്മിപ്പിക്കുന്നു. നിയമസഭയുടെ പ്രത്യേക അവകാശങ്ങളെ ബാധിക്കുന്ന അതീവ ഗുരുതരമായ ഈ വിഷയം അതിന്റെ എല്ലാ ഗൗരവവും ഉൾക്കൊണ്ട് അങ്ങ് പരിശോധിക്കണമെന്നും നിയമസഭാ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 159-ാം ചട്ടപ്രകാരം പ്രിവിലേജസ് ആന്റ് എത്തിക്സ് കമ്മിറ്റിക്ക് അയക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഇതു സംബന്ധിച്ച് വിവിധ പത്ര മാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകളുടെ പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

വി. ഡി. സതീശൻ,

അനുബന്ധം 2

ഡോ. ടി. എം. തോമസ് ഐസക്ക്,
ധനം-കയർ വകുപ്പ് മന്ത്രി.

തിരുവനന്തപുരം,
30-11-2020

ബഹുമാനപ്പെട്ട സ്പീക്കർ,

1. ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ തയ്യാറാക്കിയ റിപ്പോർട്ടിലെ ചില പരാമർശങ്ങൾ ബഹുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നതും ചർച്ചയായതും സംബന്ധിച്ച് ബഹു. നിയമസഭാ അംഗം വി. ഡി. സതീശൻ ഉന്നയിച്ച അവകാശലംഘന നോട്ടീസിനുള്ള പ്രതികരണം തേടിയുള്ള അങ്ങയുടെ നോട്ടീസ് ലഭിച്ചു

2. വളരെ ഗുരുതരവും അസാധാരണവുമായ ഒരു സ്ഥിതിവിശേഷമാണ് സി.&എ.ജി.യുടെ പരാമർശങ്ങൾമൂലം സംസ്ഥാനത്ത് സംജാതമായിട്ടുള്ളത്. റിപ്പോർട്ട് തയ്യാറാക്കുമ്പോൾ സ്വീകരിക്കേണ്ട എല്ലാ നടപടിക്രമങ്ങളും സി.&എ.ജി. ലംഘിച്ചിരിക്കുന്നു. അതിരുകടന്ന പരാമർശങ്ങളാണ് റിപ്പോർട്ടിലുള്ളത്. ഒരു ഭരണഘടനാസ്ഥാപനം അതിന്റെ ചുമതലാനിർവഹണവുമായി ബന്ധപ്പെട്ട് വ്യവസ്ഥാപിതമായി സ്വീകരിക്കേണ്ട ലിഖിതമായ മാർഗനിർദ്ദേശങ്ങളുടെ നഗ്നമായ ലംഘനമാണ് സി. ആൻഡ് എ.ജി.യുടെ റിപ്പോർട്ട്.

3. മസാലാ ബോണ്ടിലൂടെ കിഫ്ബി നിക്ഷേപം സ്വീകരിച്ചത് ഭരണഘടനാ വിരുദ്ധമാണ് എന്ന് പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് കേരള ഹൈക്കോടതിയിൽ ഒരു കേസ് നിലനിൽക്കുന്ന വിവരം അങ്ങ് അറിഞ്ഞു കാണുമല്ലോ. ഇതു സംബന്ധിച്ച ഹർജി കോടതിയുടെ അനുവാദത്തോടെ രണ്ടു തവണ പിൻവലിക്കപ്പെട്ട ശേഷമാണ് ജനുവരി മാസത്തിൽ മൂന്നാം തവണ ഫയൽ ചെയ്തത്. ഇത്തവണ റിസർവ് ബാങ്കിനും ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിനും പുറമെ സി. ആൻഡ് എജിയെക്കൂടി കക്ഷി ചേർത്തു. ഇതിന്റെ പശ്ചാത്തലത്തിലാണ് അസാധാരണമായ സി.&എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങളെ വിലയിരുത്തേണ്ടത്.

4. റിപ്പോർട്ടിൽ Non adherence to Constitutional Provisions എന്ന തലക്കെട്ടിനു കീഴെ സി.&എ.ജി. നടത്തുന്ന നിഗമനങ്ങളൊന്നും തന്നെ കരട് റിപ്പോർട്ടിലുള്ളതോ, എക്സിറ്റ് മീറ്റിംഗിൽ പറഞ്ഞതോ അല്ല. ഇത്തരത്തിൽ സംസ്ഥാന സർക്കാരുമായി മുൻകൂർ ചർച്ച ചെയ്യാത്ത ഒരു കാര്യവും റിപ്പോർട്ടിൽ പരാമർശിക്കാൻ സി.&എ.ജി.യ്ക്ക് അധികാരമില്ല. Regulations on Audit and Accounts 2007-ലാണ് ഓഡിറ്റ് സംബന്ധിച്ച് സി.&എ.ജി.

പാലിക്കേണ്ട നിബന്ധനങ്ങൾ നിർവചിച്ചിരിക്കുന്നത്. പ്രസ്തുത രേഖയിലെ റെഗുലേഷൻ 206 പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന ഏതു കാര്യത്തെക്കുറിച്ചും വിശദീകരണം നൽകുന്നതിന് സർക്കാരിന് അവസരം നൽകണമെന്ന്. പ്രതിപാദിച്ചിരിക്കുന്നു. റെഗുലേഷൻ 208-ൽ 1 മുതൽ അഞ്ചു വരെ ഭാഗങ്ങൾ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കേണ്ടത് എങ്ങനെയാണെന്ന് നിർദ്ദേശിച്ചിരിക്കുന്നു. സി.&എ.ജി.യുടെ അഭിപ്രായങ്ങളും നിരീക്ഷണങ്ങളും വിശദീകരണങ്ങളും സംബന്ധിച്ച് പ്രതികരിക്കാൻ സർക്കാരിന് മതിയായ സാവകാശം ലഭിച്ചേ തീരൂ. അത് സംസ്ഥാനത്തിന്റെ അവകാശമാണ്. ആ രീതിയിൽ സർക്കാരിന്റെ പ്രതികരണങ്ങളും വിശദീകരണങ്ങളും പരിശോധിച്ച് മാത്രമേ സി.&എ.ജി.യ്ക്ക് അന്തിമ റിപ്പോർട്ട് തയ്യാറാക്കാനാവൂ. സർക്കാരിന്റെ വിശദീകരണം പരിശോധിച്ച ശേഷം തള്ളിക്കളയാൻ സി.&എ.ജി.യ്ക്ക് പൂർണ്ണ അവകാശമുണ്ട്. എന്നാൽ, വിശദീകരണം നൽകാനുള്ള സർക്കാരിന്റെ അവകാശത്തെ അത് റദ്ദ് ചെയ്യുന്നില്ല

5. ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കാനുള്ള മാർഗനിർദ്ദേശങ്ങൾ 2020 ആഗസ്റ്റിൽ ഭേദഗതി ചെയ്തിട്ടുണ്ട്. അതുപ്രകാരം, തങ്ങളുടെ അഭിപ്രായങ്ങളും നിരീക്ഷണങ്ങളും വിശദീകരണങ്ങളുമുൾപ്പെടുന്ന കരട് റിപ്പോർട്ടിന്റെ പകർപ്പ് ബന്ധപ്പെട്ട ഗവ. സെക്രട്ടറിയ്ക്ക് സി.&എ.ജി. കൈമാറിയിരിക്കണം. കരട് റിപ്പോർട്ടിനെക്കുറിച്ച് ചർച്ച ചെയ്യാനുള്ള സന്നദ്ധതയും അറിയിക്കണം. ഇരുകൂട്ടർക്കും സൗകര്യപ്രദമായ തീയതിയിൽ ഈ ചർച്ച നടക്കണം. അതേ സമയം, പ്രസ്തുത കരട് റിപ്പോർട്ടിന്റെ പകർപ്പ് ധനസെക്രട്ടറിയ്ക്കും കൈമാറണം. ഓഡിറ്റ് നിരീക്ഷണങ്ങളെ സാധൂകരിക്കുന്ന തെളിവുകൾ സഹിതമാകണം കരട് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. ഈ രേഖകളുടെ പകർപ്പും ആവശ്യമെന്ന് കണ്ടാൽ കൈമാറേണ്ടതാണ്. ബന്ധപ്പെട്ട സർക്കാർ വകുപ്പിന് വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ കാര്യകാരണസഹിതം ഓഡിറ്റ് നിരീക്ഷണങ്ങളോട് വിയോജിക്കാം. ഈ വിയോജിപ്പ് പരിഗണിച്ചോ തള്ളിക്കളഞ്ഞോ സി.&എ.ജി.യുടെ അന്തിമറിപ്പോർട്ട് തയ്യാറാക്കാം ഇതാണ് ഓഡിറ്റ് സംബന്ധിച്ച് ഇന്ത്യയിൽ നിലനിൽക്കുന്ന വ്യവസ്ഥ

6. Civil/1/SF/2019-20-1 നമ്പർ കരട് ഓഡിറ്റ് റിപ്പോർട്ട് 5-5-2020-നാണ് സർക്കാരിന് ലഭിച്ചത്. ഈ റിപ്പോർട്ടിനെക്കുറിച്ചുള്ള എക്സിറ്റ് മീറ്റിംഗ് 2020 ജൂൺ 22-ന് നടന്നു. ഈ മീറ്റിംഗിന്റെ മിനിട്സ് സി.&എ.ജി. സർക്കാരിന് കൈമാറേണ്ടതാണ്. എന്നാൽ ആ നിബന്ധന ഇതുവരെ പാലിച്ചിട്ടില്ല. കരട് റിപ്പോർട്ടിനുള്ള മറുപടി 1-7-2020-ന് സി.&എ.ജി.യ്ക്ക് കൈമാറുകയും ചെയ്തു. ഈ കരട് റിപ്പോർട്ടിലെവിടെയും പരാമർശിക്കാത്ത കാര്യങ്ങളാണ് ഇപ്പോൾ സമർപ്പിച്ച റിപ്പോർട്ടിന്റെ പുതുയതായി കൂട്ടിചേർക്കപ്പെട്ട മൂന്ന് പേജുകളിലുള്ളത്. ഇത് അനുചിതവും ചട്ടങ്ങൾക്കും കീഴ്‌വഴക്കങ്ങൾക്കും നിരക്കാത്തതും നിയമവിരുദ്ധവുമായ പ്രവൃത്തിയാണ്.

7. മസാലാ ബോണ്ട് ഭരണഘടനാവിരുദ്ധമെന്ന് പ്രഖ്യാപിച്ച് അതിന്റെ വിനിയോഗം ഫ്രീസ് ചെയ്യുക എന്ന ഗുരുതരമായ ആവശ്യമാണ് നേരത്തെ സൂചിപ്പിച്ച ഹർജിക്കാരൻ കോടതി മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. കേരളവികസനം സ്തംഭിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേസ് കൊടുത്തിരിക്കുന്നത്. ആ ആവശ്യത്തെ സാധൂകരിക്കാൻ എന്നവണ്ണമാണ് സി.&എ.ജി.യുടെ വാദങ്ങൾ ക്രോഡീകരിച്ചിരിക്കുന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

8. ഭരണഘടനയുടെ അനുച്ഛേദം 151 പ്രകാരം ബഹുമാനപ്പെട്ട ഗവർണർക്ക് അയച്ചുകൊടുക്കുന്നതിനായി സർക്കാരിന് നൽകിയ സി.&എ.ജി. റിപ്പോർട്ട് 2007-ലെ ഓഡിറ്റ് റെഗുലേഷൻ വ്യവസ്ഥകളോ 2020- ൽ ഭേദഗതി ചെയ്ത പ്രസ്തുത റെഗുലേഷന്റെ വ്യവസ്ഥകളോ അനുസരിച്ചിട്ടുള്ളതല്ലായെന്നത് വ്യക്തമാണ്. ഓഡിറ്റ് റെഗുലേഷൻ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരം സംസ്ഥാന സർക്കാരിന് അതേവരെ നൽകാതിരുന്ന തികച്ചും പുതിയതായ പരാമർശങ്ങളും നിഗമനങ്ങളും ഫൈനൽ റിപ്പോർട്ടായി പരിഗണിക്കാൻ കഴിയുന്നതല്ല. പുതിയതായി ചേർത്ത പ്രസ്തുത പരാമർശങ്ങൾ സംസ്ഥാന സർക്കാർ കേരളത്തിലെ ജനങ്ങൾക്കായി രൂപപ്പെടുത്തി നടപ്പിലാക്കുന്ന വികസന സമീപനങ്ങളെ അപ്പാടെ സ്തംഭിപ്പിക്കാൻ പോന്നതാണ്. ഇതുമൂലമാണ് തീർത്തും പുതിയതായ പരാമർശങ്ങൾ ചർച്ചയ്ക്കായി അവതരിപ്പിച്ചത്.

9. വരവുചെലവു കണക്കുകൾ പരിശോധിക്കുന്നതിന് ഭരണഘടനാപരമായി ചുമതലപ്പെട്ട സ്ഥാപനമാണ് സി.&എ.ജി. എന്നാൽ, സി.&എ.ജി.യുടെ അധികാരം അളുമാത്രമാണ് എന്ന കരുതുന്നുമില്ല. പക്ഷെ, ഒരു സംസ്ഥാന നിയമസഭ പാസാക്കിയ നിയമത്തിന്റെയും, റിസർവ് ബാങ്ക് പോലുള്ള ഭരണഘടനാസ്ഥാപനങ്ങളുടെ നടപടിക്രമങ്ങളുടെയും ഭരണഘടനാസാധുത സി.&എ.ജി. പരിശോധിച്ച് തീർപ്പു കൽപ്പിക്കുന്നത് അസാധാരണമായ നടപടിയാണ്. മറ്റാരുമായും ചർച്ച ചെയ്യാതെയും സംസ്ഥാന സർക്കാരിനെ പൂർണ്ണമായും ഇരുട്ടിൽ നിർത്തിയുമാണ് ഇവിടെ പരാമർശിക്കപ്പെട്ട കാര്യങ്ങൾ സി.&എ.ജി.യുടെ റിപ്പോർട്ടിൽ സ്ഥാനം പിടിച്ചത്. ഇതിന്റെ ഫലമായി എത്ര ബാലിശമായ പരാമർശങ്ങളാണ് റിപ്പോർട്ടിലുള്ളത് എന്നതിന് ഒരുദാഹരണം മാത്രം ചൂണ്ടിക്കാട്ടാം.

10. മസാലാബോണ്ട് ഭരണഘടനയുടെ ഏഴാം പട്ടികയിലെ ഒന്നാം ലിസ്റ്റിൽ ഇനം 37-ന്റെ (Entry 37, list 1 of the 7th schedule of Constitution of India) ലംഘനം ആണെന്നും ഏഴാം പട്ടികയിലെ ഒന്നാം ലിസ്റ്റിലെ ഇനം 37 പ്രകാരം വിദേശ വായ്പ എടുക്കാനുള്ള അവകാശം കേന്ദ്രത്തിന് മാത്രമാണെന്നും മസാലാബോണ്ടിന് അനുവാദം തന്ന RBI നടപടി ചോദ്യം ചെയ്യപ്പെടേണ്ടതാണെന്നും സി.&എ.ജി. പരാമർശിക്കുന്നു. നിയമപരമായി യാതൊരു നിലനിൽപ്പുമില്ലാത്ത അസംബന്ധമാണ് ഈ വാദം.

എന്തെങ്കിലും നിയമം എഴുതി വച്ചിരിക്കുന്ന പട്ടികയല്ല ഭരണഘടനയുടെ ഏഴാം പട്ടിക യൂണിയൻ ലിസ്റ്റ്, സംസ്ഥാന ലിസ്റ്റ്, കൺകറന്റ് ലിസ്റ്റ് എന്നീ മൂന്നു ലിസ്റ്റുകളാണ് ഏഴാം പട്ടികയിലുള്ളത്. പാർലമെന്റിന് മാത്രം നിയമം നിർമ്മിക്കാവുന്ന വിഷയങ്ങൾ ഏതൊക്കെ എന്ന് ലിസ്റ്റ് ചെയ്തിരിക്കുന്നതാണ് ഒന്നാം പട്ടിക. രണ്ടാം പട്ടികയിൽ ലിസ്റ്റ് ചെയ്തിട്ടുള്ളത് സംസ്ഥാന നിയമസഭകൾക്ക് നിയമം നിർമ്മിക്കാവുന്ന വിഷയങ്ങൾ ഏതൊക്കെ എന്നാണ്. മൂന്നാം പട്ടിക ഭരണഘടനയുടെ ഈ ആർട്ടിക്കിൾ പറയുന്ന വ്യവസ്ഥകൾക്ക് അനുസരിച്ച് രണ്ടു കൂട്ടർക്കും നിയമ നിർമ്മാണ അധികാരം ഉള്ള വിഷയങ്ങളുടെ ലിസ്റ്റ്.

11. ഓരോ വിഷയത്തിലും ആർക്കാണ് നിയമ നിർമ്മാണ അധികാരം എന്നത് പട്ടികപ്പെടുത്തിയിരിക്കുന്ന ഒന്നാണ് ഏഴാം ഷെഡ്യൂൾ. ഒന്നാം ലിസ്റ്റിൽ ഇനം 37 Foregin loans ആണ്. എന്ന് പറഞ്ഞാൽ Foreign loan സംബന്ധമായ നിയമം ഉണ്ടാക്കാൻ parliament നു മാത്രമാണ് അധികാരം എന്നാണ് മനസിലാക്കേണ്ടത്. അതിനെ Forgein loan എടുക്കാൻ കേന്ദ്ര സർക്കാരിനു മാത്രമേ കഴിയൂ എന്നാണ് സി.&എ.ജി. ദുർവ്യാഖ്യാനിക്കുന്നത്. സി.&എ.ജി.യുടെ വാദങ്ങളുടെ നിരർത്ഥകതയും യുക്തിരാഹിത്യവും മനസിലാക്കാൻ ഈയൊരു ഉദാഹരണം മതി.

12. Foregin loans സംബന്ധിച്ച് നിയമം ഉണ്ടാക്കാനുള്ള അധികാരം ഉപയോഗിച്ച് parliament ഉണ്ടാക്കിയ നിയമമാണ് The Foreign Exchange Management Act. ഇതിലെ വ്യവസ്ഥകൾ പ്രകാരമാണ് ആർ.ബി.ഐ. മസാലാ ബോണ്ടിന് അനുമതി നൽകിയതും ലോൺ രജിസ്ട്രേഷൻ നമ്പർ അനുവദിച്ചതും.

13. സി.&എ.ജി.യുടെ നിലപാടിന്റെ ഫലമായി ഇപ്പോൾ അനുവാദം നൽകിക്കഴിഞ്ഞിട്ടുള്ള 50,000 കോടി രൂപയുടെ പദ്ധതികൾ സ്തംഭനത്തിലേയ്ക്ക് നീങ്ങുകയാണ്. ഈ വികസനപദ്ധതികൾ പാതിവഴിയിലാക്കുകയും അതുമൂലം സംജാതമാകുന്ന ജനരോഷം സർക്കാരിനെതിരെയും തിരിച്ചുവിടുക എന്നതാണ് തന്ത്രം. ആ തന്ത്രത്തിന് വഴങ്ങാനാവില്ല.

14. അതുകൊണ്ട് ചട്ടപ്രകാരമല്ലാതെ തയ്യാറാക്കിയ റിപ്പോർട്ട് നിയമസഭയിൽ വെയ്ക്കാൻ നിർദ്ദേശിക്കുന്നത് സഭയുടെ അവകാശത്തിന്റെ ലംഘനമാണ്. സഭാംഗങ്ങളും ചെയറും കരുതുക, ഇത് എല്ലാ ചട്ടങ്ങളും പാലിച്ചാണ് നിയമസഭയിലെത്തിയത് എന്നാണ്. ആ വിശ്വാസത്തിലാണ് സി.&എ.ജി. റിപ്പോർട്ടുകളെ സഭ കാണുന്നത്. ഇത്തരത്തിൽ കരട് റിപ്പോർട്ടിൽ പരാമർശിക്കാത്തതും എക്സിറ്റ് മീറ്റിംഗിൽ സൂചന പോലും നൽകാത്തതുമായ വിഷയങ്ങൾ സി.&എ.ജി. റിപ്പോർട്ടിന്റെ ഭാഗമായത് സഭയുടെയും അംഗങ്ങളുടെയും അവകാശത്തോടുള്ള വെല്ലുവിളിയാണ്. നിയമസഭ പാസാക്കിയ നിയമം ഭരണഘടനാ വിരുദ്ധമാണോ അല്ലയോ എന്ന് തീരുമാനിക്കേണ്ടത്, ഓഡിറ്റ് ഏജൻസിയല്ല. സംസ്ഥാന സർക്കാർ നിയമസഭ പാസാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ചെയ്യുന്ന

പ്രവർത്തനങ്ങളെ സർക്കാരിനോട് ചർച്ച ചെയ്യുകപോലും ചെയ്യാതെ ഭരണഘടനാ വിരുദ്ധമാണെന്ന നിഗമനം അവതരിപ്പിക്കുന്നത് സംസ്ഥാനത്തിന്റെയും ജനങ്ങളുടെയും താൽപ്പര്യങ്ങൾക്ക് എതിരും നിയമപരമല്ലാത്തതുമാണ്.

15. ഭരണഘടനയുടെ അനുച്ഛേദം 149, C&AG's (Duties, Powers and Conditions of Service) Act, 1971, പ്രസ്തുത നിയമത്തിലെ വകുപ്പ് 23 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റ് റെഗുലേഷനുകൾ, സി.&എ.ജി.യുടെ അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ തുടങ്ങി സി.&എ.ജി.യുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച നിയമവ്യവസ്ഥകളിൽ എവിടെയും ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനത്തിനോ സർക്കാരിനോ നൽകുന്ന റിപ്പോർട്ടുകൾ രഹസ്യമായി സൂക്ഷിക്കണമെന്ന വ്യവസ്ഥ ഇല്ല. സംസ്ഥാന സർക്കാരിന് പറയാനുള്ളത് കേൾക്കാതെ ഏകപക്ഷീയമായി നടത്തുന്ന ഇത്തരം പരാമർശങ്ങളും നിഗമനങ്ങളും ഭരണഘടനയുടെ അനുച്ഛേദം 14-ന് വിരുദ്ധവും സാമാന്യനീതിയുടെ നിഷേധവുമാണ്. അനവരതം സുപ്രീംകോടതി വിധികളിൽ ഇക്കാര്യം വ്യക്തമാക്കപ്പെട്ടിട്ടുള്ളതുമാണ്. എന്നാൽ ബഹുമാനപ്പെട്ട സ്പീക്കർ ഇതു സംബന്ധമായിട്ട് നൽകിയിട്ടുള്ള റൂളിംഗ് നിലനിൽക്കുന്നുണ്ടെന്ന വസ്തുത വിനയപൂർവ്വം അംഗീകരിക്കുന്നു. എന്നാൽ നേരത്തെ പരാമർശിച്ചതുപോലെ വ്യവസ്ഥകൾ പ്രകാരം സർക്കാരുമായി ഒരുതരത്തിലും ചർച്ച ചെയ്യാതെ, സർക്കാരിന് പറയാനുള്ളത് കേൾക്കാതെ കൂട്ടിച്ചേർക്കപ്പെട്ട ഭാഗം കരട് മാത്രമാണെന്നും ആയത് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളെ അതീവ ഗുരുതരമായി ബാധിക്കുന്നതുമാണെന്നുള്ള ഉത്തമ ബോധ്യത്തിലാണ് ഇത് പൊതുവായി ചർച്ച ചെയ്യുന്ന സാഹചര്യമുണ്ടായത്. നിയമസഭയുടെ അവകാശങ്ങളെ ലംഘിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് നടത്തിയതായിരുന്നില്ല ഓഡിറ്റ് സംബന്ധിച്ച പ്രസ്താവനകളും മറ്റും.

16. സി.&എ.ജി. റിപ്പോർട്ടിലെ വാദങ്ങളുടെ മെരിറ്റിലേയ്ക്ക് ഒരു ഇഷ്യൂവിലൊഴികെ ഞാൻ കടക്കുകയുണ്ടായില്ല. ഇവയടക്കമുള്ള കാര്യങ്ങൾ നിയമസഭയുടെ പ്രിവിലേജ് കമ്മിറ്റിയ്ക്കു മുമ്പാകെ ബോധ്യപ്പെടുത്താൻ ഞാൻ സന്നദ്ധനാണ്.

17. ഈ വിശദീകരണം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു.

ടി. എം. തോമസ് ഐസക്.

ബഹു. സ്പീക്കർ,
കേരള നിയമസഭ.

<u>അനുബന്ധം 3</u>

പതിനാലാം കേരള നിയമസഭ

# ബുള്ളറ്റിൻ ഭാഗം-2

<u>2020 ഡിസംബർ 2</u>

നമ്പർ : 911

<u>ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. വി. ഡി. സതീശൻ എം. എൽ. എ. നൽകിയ അവകാശലംഘന നോട്ടീസ് പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്തത് സംബന്ധിച്ച്.</u>

കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ ആഡിറ്റ് റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് മുമ്പ് തന്നെ അതിലെ ചില ഭാഗങ്ങൾ പത്രസമ്മേളനത്തിലൂടെ ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി വെളിപ്പെടുത്തിയെന്നും ഇത് സഭയുടെ അവകാശത്തെ ഹനിച്ചെന്നും ആയതിനാൽ അദ്ദേഹത്തിനെതിരെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ. സമർപ്പിച്ച നോട്ടീസ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് അന്വേഷണത്തിനും റിപ്പോർട്ടിനുമായി ബഹു. സ്പീക്കർ പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 2-12-2020-ന് റഫർ ചെയ്തിരിക്കുന്നു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

അനുബന്ധം 4

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി 2020 ഡിസംബർ 17-ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗങ്ങൾ

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി (2019-2021)- 2020 ഡിസംബർ 17-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ വീഡിയോ കോൺഫറൻസ് ഹാളിൽ കമ്മിറ്റി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ, എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ ശ്രീ. ഡി. കെ. മുരളി, എം. എൽ. എ. സന്നിഹിതനായിരുന്നു. കൂടാതെ താഴെപ്പറയുന്ന അംഗങ്ങൾ ഓൺലൈൻ മുഖേനയും യോഗത്തിൽ പങ്കെടുത്തു.

1. ശ്രീ. അനൂപ് ജേക്കബ്, എം. എൽ. എ.
2. ശ്രീ. ജോർജ് എം. തോമസ്, എം. എൽ. എ.
3. ശ്രീ. ജോൺ ഫെർണാണ്ടസ്, എം. എൽ. എ.
4. ശ്രീ. വി. കെ. സി. മമ്മത് കോയ, എം. എൽ. എ.
5. ശ്രീ. മോൻസ് ജോസഫ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി
2. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ജോയിന്റ് സെക്രട്ടറി
3. ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

ബഹു. സ്പീക്കർ നിർദ്ദേശിച്ചതിൻ പ്രകാരം ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി ലഭ്യമാക്കിയ വിശദീകരണത്തിന്റെ പ്രസക്ത ഭാഗം ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ.-യ്ക്ക് അയച്ചുകൊടുക്കുന്നതിന് തീരുമാനിച്ചു. കൂടുതൽ വിശദീകരണം നൽകുന്നതിനായി 2020 ഡിസംബർ 23-ന് എം.എൽ.എ.-യോട് സമിതി മുമ്പാകെ ഹാജരാകണമെന്ന് ആവശ്യപ്പെടാനും തീരുമാനിച്ചു.

## അനുബന്ധം 5

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി 2020 ഡിസംബർ 23-ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗങ്ങൾ

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി (2019-2021)-2020 ഡിസംബർ 23-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ കമ്മിറ്റി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ, എം. എൽ. എ.-യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീ. ജോൺ ഫെർണാണ്ടസ് എം. എൽ. എ,
2. ശ്രീ. മോൻസ് ജോസഫ് എം. എൽ. എ,
3. ശ്രീ. ഡി. കെ. മുരളി എം. എൽ. എ,
4. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ എം. എൽ. എ.

കൂടാതെ ശ്രീ. വി. കെ. സി. മമ്മത് കോയ എം. എൽ. എ. ഓൺലൈൻ മുഖേനയും യോഗത്തിൽ പങ്കെടുത്തു.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

കമ്മിറ്റിയുടെ പരിഗണനയ്ക്കായി ബഹു. സ്പീക്കർ റഫർ ചെയ്തിട്ടുള്ള ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. വി. ഡി. സതീശൻ എം. എൽ. എ. സമർപ്പിച്ച അവകാശലംഘന നോട്ടീസിൽ ശ്രീ. വി. ഡി. സതീശനിൽ നിന്നും തെളിവെടുപ്പ് നടത്തി.

സി.&എ.ജി.യുടെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനു മുൻപ് പത്ര സമ്മേളനത്തിലൂടെ പരസ്യമാക്കിയതിലൂടെ ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി എപ്രകാരമാണ് സഭയുടെ പ്രത്യേക അവകാശത്തെ ഹനിച്ചതെന്ന് കമ്മിറ്റി ആരാഞ്ഞപ്പോൾ ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. താഴെപ്പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചു

2018-2019-ലെ സി.&എ.ജി. റിപ്പോർട്ട് നാളിതുവരെ സഭയുടെ മേശപ്പുറത്ത് വച്ചിട്ടില്ല. സാധാരണ നിലയിൽ സഭാ സമ്മേളനക്കാലയളവിലാണ് റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നത്. സഭയിൽ സമർപ്പിക്കുന്നതിന് മുമ്പ് തന്നെ 2020 നവംബർ 14-ന് പത്ര സമ്മേളനം വഴി റിപ്പോർട്ടിലെ ചില ഭാഗങ്ങൾ ബഹു. മന്ത്രി വെളിപ്പെടുത്തിയെന്നും ബഹു.മന്ത്രി തന്നെ ഇത് സമ്മതിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഭരണഘടനയുടെ അനുച്ഛേദം 148 മുതൽ 151 വരെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ പ്രൊസീഡ്യൂവറിനെക്കുറിച്ചാണ് പറയുന്നത്.

ഭരണഘടനയുടെ അനുച്ഛേദം 151 (ii)-ൽ reports of the Comptroller And Auditor General of India relating to the accounts of the State shall be submitted to the Governor of the State who shall cause them to be laid before the Legislature of the State-എന്ന് വളരെ കൃത്യമായി പറഞ്ഞിട്ടുണ്ടെന്നും ഗവർണർക്ക് നൽകിയതിനുശേഷം അദ്ദേഹമാണ് നിയമസഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതെന്നും ഇത് കൃത്യമായ പ്രൊവിഷനാണെന്നും അദ്ദേഹം കമ്മിറ്റിയെ ബോധിപ്പിച്ചു. ഈ പ്രൊവിഷൻ ഇല്ലായിരുന്നുവെങ്കിൽ സി.&എ.ജി.-ക്കോ ധനകാര്യ വകുപ്പിനോ ഗവൺമെന്റിനോ ഇക്കാര്യങ്ങളെക്കുറിച്ച് പത്രസമ്മേളനം നടത്തിയോ വേറെ ഏതെങ്കിലും രീതിയിലോ റിപ്പോർട്ട് പുറത്തുവിടാമായിരുന്നുവെന്നും അപ്പോൾ ഭരണഘടനയിൽ ഇതുസംബന്ധിച്ച് കൃത്യമായി പറയുന്നത്, സംസ്ഥാനത്തിന്റേതാണെങ്കിൽ സംസ്ഥാന നിയമസഭയുടെയും, ഇന്ത്യയുടേതാണെങ്കിൽ പാർലമെന്റിന്റെയും മേശപ്പുറത്ത് വയ്ക്കണമെന്നുള്ളത് ഒരു സംശയത്തിനും ഇടനൽകാത്ത രീതിയിലുള്ള കൃത്യമായ പ്രൊവിഷനാണ്. അപ്പോൾ അത് Privilege of the Legislature ആണ്. നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ള 27-7-2013-ലെ സർക്കുലറിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഇന്ത്യൻ ആഡിറ്റ് & അക്കൗണ്ട്സ് വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള നിർദ്ദേശങ്ങൾ അല്ലേയെന്ന് കമ്മിറ്റി ആരാഞ്ഞപ്പോൾ, സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് വരെ റിപ്പോർട്ട് ഔദ്യോഗിക രഹസ്യരേഖയാണെന്നും ഇക്കാര്യം സി.&എ.ജി-യുടെ 27-7-2013-ലെ 111/S/5/258-PPG/24-2013 നമ്പർ സർക്കുലറിൽ സ്പഷ്ടീകരിച്ചിട്ടുണ്ടെന്നും ഇതിലെ വ്യവസ്ഥകൾ ഉദ്യോഗസ്ഥർക്കുമാത്രമല്ല എല്ലാ പൗരൻമാർക്കും ബാധകമാണെന്നും അദ്ദേഹം പറഞ്ഞു. ആ സർക്കുലറിൽ അതിന്റെ രഹസ്യ സ്വഭാവത്തെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. Secrecy is applicable to every citizen. ഒരു മന്ത്രിക്കും ഒരു അംഗത്തിനും ഒരു സാധാരണക്കാരനും ഒരു ഉദ്യോഗസ്ഥനും ഒരു രഹസ്യരേഖ പുറത്തുവിടാൻ കഴിയുന്നതല്ല എന്ന് പറയുന്ന അതേ കാര്യം തന്നെയാണിത്. സഭയിൽ വയ്ക്കാത്ത ഒരു റിപ്പോർട്ടിലെ വിവരങ്ങൾ മാധ്യമങ്ങൾക്ക് നൽകിയെന്നതു സംബന്ധിച്ച് 2020 ഫെബ്രുവരി 4-ന് ബഹു. സ്പീക്കർ നൽകിയ റൂളിംഗിന്റെ ലംഘനം ഈ വിഷയത്തിൽ നടന്നിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അതായത് സഭയിൽ വയ്ക്കേണ്ട ഒരു ഡോക്യുമെന്റ് സഭയിൽ വയ്ക്കുന്നതിനുമുൻപ് അത് മാധ്യമ

ചർച്ചയ്ക്ക് വിധേയമായാൽ അല്ലെങ്കിൽ ലീക്ക് ചെയ്ത് പുറത്തുപോയാൽ അവിടെ അവകാശലംഘനം ഉണ്ടാകുമെന്ന് കേരള നിയമസഭാ സ്പീക്കർതന്നെ റൂളിംഗ് നൽകിയിട്ടുണ്ട്. ഭരണഘടനയുടെ അനുച്ഛേദം 151 പ്രകാരം സി.&എ.ജി. റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ച്ചാൽ മാത്രമേ അത് ഒരു പൊതു രേഖയാവുകയുള്ളൂ. ഇങ്ങനെ പൊതുരേഖയാകുന്ന റിപ്പോർട്ടിലെ പരാമർശങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന് എതിരഭിപ്രായം ഉണ്ടെങ്കിൽ ആയത് ഈ ഘട്ടത്തിലാണ് പ്രകടിപ്പിക്കേണ്ടത്. മന്ത്രിയുടെ നടപടി ഒരു കീഴ്വഴക്കമാവുകയാണെങ്കിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട ഒരു രേഖയും പിന്നെ സഭയുടെ പ്രിവിലേജ് അല്ലാതാകും. സി.&എ.ജി.യുടെ റിപ്പോർട്ട് ചോർന്നതിനെ സംബന്ധിച്ച രാജ്യസഭയുടെ പ്രിവിലേജ് കമ്മിറ്റിയുടെ അറുപത്തിയഞ്ചാമത് റിപ്പോർട്ടിലെ ശിപാർശ കമ്മിറ്റി ചൂണ്ടിക്കാട്ടിയപ്പോൾ റിപ്പോർട്ട് ചോർച്ച അവകാശലംഘന പ്രശ്നമല്ലെന്ന കണ്ടെത്തൽ യുക്തിപരമല്ല എന്ന് അദ്ദേഹം പറഞ്ഞു.

പിൻതുടർന്ന് വരുന്ന നടപടി ക്രമങ്ങളേയും ചട്ടങ്ങളെയും ലംഘിച്ചുകൊണ്ടാണ് സി.&എ.ജി. റിപ്പോർട്ട് തയ്യാറാക്കിയത് എന്ന കാരണം കൊണ്ട് അത് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് മുമ്പ് വെളിപ്പെടുത്തുന്നത് ന്യായീകരിക്കാവുന്നതല്ല. ഒരു സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമത്തിന്റെയും റിസർവ് ബാങ്ക് പോലുള്ള ഭരണഘടനാ സ്ഥാപനങ്ങളുടെയും നടപടിക്രമങ്ങളുടെ ഭരണഘടനാ സാധുത സി.&എ.ജി. പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നത് അസാധാരണമായ നടപടിയാണെന്ന വാദം ശരിയല്ല. സി.&എ.ജി.ക്ക് അതിനുള്ള അധികാരമുണ്ട്. ധനകാര്യ സെക്രട്ടറിക്ക് അതീവ രഹസ്യമായി സി.&എ.ജി. കൈമാറിയ റിപ്പോർട്ട് മന്ത്രി ചോർത്തിയെടുത്ത് മാധ്യമങ്ങൾക്ക് നൽകിയത് അതീവ ഗുരുതരമായ തെറ്റാണെന്നും അദ്ദേഹം പറഞ്ഞു.

ഔദ്യോഗിക രഹസ്യനിയമം ബഹു. മന്ത്രി ലംഘിച്ചുവെന്ന ആക്ഷേപത്തിൽ നിയമസഭയ്ക്ക് ഇടപെടാൻ കഴിയില്ല എന്ന് കമ്മിറ്റി ചൂണ്ടിക്കാട്ടിയപ്പോൾ ശ്രീ. വി. ഡി. സതീശൻ എം. എൽ. എ അതിനോട് യോജിച്ചു. റിപ്പോർട്ട് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ശേഷം പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പി. എ. സി) ആണ് പരിശോധിക്കേണ്ടത്. ആ സമയത്ത് ഗവൺമെന്റിന് പറയാനുള്ളത് പറയാൻ അവസരം ലഭിക്കുമെന്നിരിക്കെ ബഹു. ധനകാര്യ മന്ത്രി മുൻകൂട്ടി അഭിപ്രായം പറയുന്നത് ശരിയല്ല. ഡ്രാഫ്റ്റ് റിപ്പോർട്ട് ആണെന്നാണ് കരുതിയതെന്ന ബഹു. മന്ത്രിയുടെ വാദം നിലനിൽക്കില്ല, കാരണം ഡ്രാഫ്റ്റ് റിപ്പോർട്ടിൽ അപാകത യുണ്ടെങ്കിൽ എ.ജി.യെ അറിയിച്ച് പരിഹരിക്കാൻ സംവിധാനമുണ്ട്. മസാല ബോണ്ട് സംബന്ധിച്ച് ഹൈക്കോടതിയിലുള്ള കേസിനെ സാധൂകരിക്കുന്ന പരാമർശങ്ങൾ ഉള്ളതിനാലാണ് റിപ്പോർട്ടിലെ വിവരങ്ങൾ വെളിപ്പെടുത്തിയത് എന്ന് പറയുന്നത് യുക്തിസഹമല്ല. കാരണം ഈ വിവരങ്ങൾ പുറത്തുവിടുന്നത് സർക്കാർ ഭാഗത്തെ

ദോഷകരമായി ബാധിക്കും. സി.&എ.ജി. റിപ്പോർട്ടിലെ ഒരു ഭാഗം മാധ്യമങ്ങളോട് വെളിപ്പെടുത്തിയിട്ടുണ്ടെന്ന് സമ്മതിച്ച ധനകാര്യമന്ത്രി അത് നിഷേധിച്ചിട്ടില്ലെന്ന് മാത്രമല്ല നിയമസഭ വിധിക്കുന്ന ഏതു ശിക്ഷയും ഏറ്റുവാങ്ങാമെന്ന് പറയുകയും ചെയ്തിട്ടുള്ളതിനാൽ ശിക്ഷ വിധിക്കേണ്ട കാര്യമാണ് കമ്മിറ്റിക്ക് മുന്നിലുള്ളത്.

സി.&എ.ജി. റിപ്പോർട്ടിൽ പരാമർശിച്ച ചില വിഷയങ്ങൾ റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കുന്നതിന് മുമ്പുതന്നെ അഴിമതി ആരോപണങ്ങളായി ഉയർന്നുവന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് കമ്മിറ്റി ചൂണ്ടിക്കാട്ടിയപ്പോൾ അവ റിപ്പോർട്ടിലെ വിവരങ്ങൾ ചോർന്നതുമൂലമുണ്ടായതല്ല എന്ന് ശ്രീ. വി. ഡി. സതീശൻ അറിയിച്ചു. റിപ്പോർട്ട് മേശപ്പുറത്തുവച്ച് കഴിയുമ്പോൾ ഉണ്ടാകാവുന്ന ആക്രമണങ്ങളെ മുൻകൂട്ടി പ്രതിരോധിക്കുകയായിരുന്നു ധനകാര്യ മന്ത്രിയുടെ ലക്ഷ്യം. റിപ്പോർട്ടിലെ ചില പരാമർശങ്ങൾ സ്വീകാര്യമല്ല എന്നുപറയുന്ന മന്ത്രിക്ക് ആ റിപ്പോർട്ട് മേശപ്പുറത്തു വച്ചശേഷം മതിയാകും എന്നിരിക്കെ ഇത്തരമൊരു നിലപാട് സ്വീകരിക്കേണ്ട ആവശ്യമില്ലാ യിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

യോഗം വൈകുന്നേരം 3.55-ന് പിരിഞ്ഞു.

<u>അനുബന്ധം 6</u>

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി 2020 ഡിസംബർ 29-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി(2019-2021)-2020 ഡിസംബർ 29-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ കമ്മിറ്റി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ, എം. എൽ. എ.-യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീ. അനൂപ് ജേക്കബ് എം. എൽ. എ.,
2. ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.,
3. ശ്രീ. വി.കെ.സി. മമ്മത് കോയ, എം. എൽ. എ.,

കൂടാതെ ശ്രീ. ജോൺ ഫെർണാണ്ടസ്, എം. എൽ. എ., ശ്രീ. മോൻസ് ജോസഫ്, എം. എൽ. എ. എന്നിവർ ഓൺലൈൻ മുഖേനയും യോഗത്തിൽ പങ്കെടുത്തു.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി
2. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ജോയിന്റ് സെക്രട്ടറി
3. ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

കമ്മിറ്റിയുടെ പരിഗണനയ്ക്കായി ബഹു. സ്പീക്കർ റഫർ ചെയ്തിട്ടുള്ള ബഹു.ധനകാര്യവും കയറും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. വി. ഡി. സതീശൻ എം.എൽ.എ സമർപ്പിച്ച അവകാശലംഘന നോട്ടീസിന്മേൽ ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസകിൽ നിന്നും തെളിവെടുപ്പ് നടത്തി.

അവകാശലംഘന നോട്ടീസിൽ ഉന്നയിച്ച വിഷയത്തിന്മേൽ ബഹു. മന്ത്രി താഴെപ്പറയുന്ന കാര്യങ്ങൾ സമിതി മുമ്പാകെ ബോധിപ്പിച്ചു.

5-5-2020-ൽ സി. &എ.ജി. കരട് റിപ്പോർട്ട് സർക്കാരിന് നൽകുകയുണ്ടായി. ജൂൺ 22-ന് കരട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സിറ്റ് മീറ്റിംഗ് നടന്നുവെങ്കിലും മിനിറ്റ്സ് നൽകിയിട്ടില്ല. സാധാരണ മിനിറ്റ്സ് വന്നതിനുശേഷമാണ് മറുപടി നൽകാറുള്ളതെങ്കിലും 1-7-2020-ന് കരട് റിപ്പോർട്ടിനുള്ള മറുപടി സി.&എ.ജി.-ക്ക്

നൽകി. അതിനുശേഷം ഒക്ടോബർ 31-ന് ഫൈനൽ റിപ്പോർട്ടെന്ന് പറയുന്ന റിപ്പോർട്ട് വരികയുണ്ടായി. ചർച്ചയുടെ ഒരു ഘട്ടത്തിലും ഉന്നയിക്കാത്ത 8 ഖണ്ഡികകൾ എക്സിറ്റ് മീറ്റിംഗ് കഴിഞ്ഞതിനുശേഷം അതിൽ പുതിയതായി ചേർത്തിരുന്നു. കിഫ്ബിയിലൂടെ കടമെടുക്കുന്നത് ഭരണഘടനാ വിരുദ്ധമെന്നാണ് ഈ 8 പാരഗ്രാഫുകളിൽ പ്രതിപാദിച്ചിരുന്നത്.

ഭരണഘടനയുടെ അനുച്ഛേദം 293 എന്നത് സംസ്ഥാനങ്ങളുടെ കടമെടുപ്പ് പ്രതിപാദിക്കുന്ന ഭരണഘടനാ വ്യവസ്ഥയാണ്. സംസ്ഥാന സർക്കാർ സഞ്ചിതനിധിയുടെ ഗ്യാരന്റിയിന്മേൽ ആഭ്യന്തര വായ്പകൾ സ്വരൂപിക്കുന്നതിനുള്ള അവകാശത്തെയും വ്യവസ്ഥകളെയും സംബന്ധിച്ചാണ് 293(1) പ്രതിപാദിക്കുന്നത്. നിയമസഭ നിയമംമൂലം രൂപീകരിച്ചിട്ടുള്ള ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണ് കിഫ്ബി. അതിന് 293 ബാധകമേ അല്ല. കിഫ്ബി അന്തർദേശീയ ധനവിപണിയിൽ നിന്നും മസാലബോണ്ട് വഴി എടുത്തിട്ടുള്ള വായ്പ ആഭ്യന്തര വായ്പയുമല്ല. മറിച്ച്, എക്സ്റ്റേണൽ കൊമേഴ്ഷ്യൽ ബോറോയിംഗ് (External Commercial Borrowing) ആണ്. കിഫ്ബി എടുക്കുന്ന വായ്പകൾക്ക് സർക്കാർ അനുമതി നൽകുകയും ഗ്യാരണ്ടി നിൽക്കുകയും ചെയ്യുന്നുണ്ട്. ഇത് നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ കിഫ്ബി നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസരിച്ചാണ്. മസാലബോണ്ടിന് കേരള സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള അനുമതിയും ഗ്യാരണ്ടിയും സംബന്ധിച്ച സർക്കാർ ഉത്തരവുകൾ ഇത് വ്യക്തമാക്കുന്നതാണ്. മസാലബോണ്ടിന് സർക്കാർ ഗ്യാരണ്ടി നൽകിക്കൊണ്ടുള്ള ഉത്തരവിലെ പരാമർശം പ്രത്യേകം പ്രസ്താവ്യമാണ്.

സി.&എ.ജി. റിപ്പോർട്ടിലെ പേജ് 42-ൽ മസാലബോണ്ട് വഴി പണം സമാഹരിക്കുന്നത് ഭരണഘടനയുടെ ഏഴാം പട്ടികയിലെ ലിസ്റ്റ് 1-ലെ ഇനം 37-ന് വിരുദ്ധമാണ് എന്ന് പറയുന്നു. എന്നാൽ 37-ാം ഇനം വിദേശ വായ്പയെ സംബന്ധിക്കുന്ന നിയമനിർമ്മാണാധികാരം പാർലമെന്റിന് മാത്രമേ ഉള്ളൂവെന്നാണ് പറയുന്നത്. വിദേശവായ്പ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന് മാത്രമേ അധികാരമുള്ളൂ എന്ന് പറയുന്നില്ല.

സഭയുടെ പരിഗണനയ്ക്കായി സി.&എ.ജി. റിപ്പോർട്ട് സമർപ്പിക്കുന്നത് ധനമന്ത്രിയാണ്. സഭയുടെ മുന്നിൽ വയ്ക്കുന്ന റിപ്പോർട്ടിന്റെ ഉള്ളടക്കം സംബന്ധിച്ച് ധനമന്ത്രിക്ക് ബോധ്യവും ഉത്തരവാദിത്വവുമുണ്ടെന്നുള്ളതാണ് സാമാന്യ നിഗമനം. നിലവിലുള്ള ഓഡിറ്റ് സ്കീം രൂപീകരിച്ചിരിക്കുന്നത് സർക്കാരിന് പൂർണ്ണമായും ഈ അറിവ് ഉണ്ടാകുംവിധമാണ് എന്നതും ഏറെ പ്രധാനപ്പെട്ടതാണ്. കരട് റിപ്പോർട്ട് നൽകുക, അതിന്മേൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുക, അതിന്റെ അടിസ്ഥാനത്തിൽ എത്തിച്ചേരുന്ന നിഗമനങ്ങളും നിരീക്ഷണങ്ങളും എക്സിറ്റ് മീറ്റിങ്ങിൽ അവതരിപ്പിക്കുക, അതിന്റെ മിനിറ്റ്സ് സർക്കുലേറ്റ് ചെയ്യുക, ഈ പ്രക്രിയയിലുടനീളം സർക്കാർ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾക്കും

നിർദ്ദേശങ്ങൾക്കും വിശദീകരണങ്ങൾക്കും എല്ലാവിധ പരിഗണനയും നൽകി റിപ്പോർട്ട് തയ്യാറാക്കുക, എന്നിങ്ങനെ സംസ്ഥാന സർക്കാരിനും ബന്ധപ്പെട്ട മന്ത്രിക്കും ഈ റിപ്പോർട്ട് സംബന്ധിച്ച് ഉണ്ടാവേണ്ട അറിവും ബോധ്യവും അടിവരയിടുന്ന ഓഡിറ്റ് സ്കീമാണ് ഇന്ത്യാ രാജ്യത്ത് നിലവിലുള്ളത്. വസ്തുതകൾ ഇതായിരിക്കെ ധനസെക്രട്ടറിക്ക് രഹസ്യമായി നൽകുന്ന രേഖ മന്ത്രി ചോർത്തിയെടുത്തുവെന്നും ഉള്ളടക്കം എന്താണെന്ന് അറിയാത്ത രേഖ ധനമന്ത്രി സഭയിൽ സമർപ്പിക്കണമെന്നും യാന്ത്രികമായി വാദിക്കുന്നത് നിലവിലുള്ള നിയമ വ്യവസ്ഥയുടെയും ജനാധിപത്യ ഭരണക്രമത്തിന്റെയും അന്തസത്തയ്ക്ക് സമ്പൂർണ്ണമായും വിരുദ്ധമാണ്. അതിനാൽ തന്നെ ധനകാര്യ സെക്രട്ടറിക്ക് അതീവ രഹസ്യമായി സി.&എ.ജി. നൽകിയ റിപ്പോർട്ട് മന്ത്രി ചോർത്തി മാധ്യമങ്ങൾക്ക് നൽകിയെന്ന ശ്രീ. വി. ഡി. സതീശൻ എം.എൽ.എ-യുടെ വാദം നിലനിൽക്കില്ലെന്നും ബഹു. മന്ത്രി പറഞ്ഞു.

സി.&എ.ജി. റിപ്പോർട്ട് പരസ്യമാക്കിയത് ബഹു. സ്പീക്കറുടെ 4-2-2020-ലെ റൂളിങ്ങിന്റെ ലംഘനമല്ലേ എന്ന് കമ്മിറ്റി ചോദിച്ചപ്പോൾ ബഹു. സ്പീക്കറുടെ 4-2-2020-ലെ റൂളിംഗ് സഭാ സമിതിയുടെ തീരുമാനമടങ്ങുന്ന റിപ്പോർട്ട് (കാര്യോപദേശകസമിതി റിപ്പോർട്ട്) സഭയിൽ വയ്ക്കും മുമ്പ് അതിലെ വിവരങ്ങൾ മാധ്യമങ്ങളോട് പാർലമെന്ററികാര്യ വകുപ്പ് മന്ത്രി വെളിപ്പെടുത്തി എന്ന ആക്ഷേപം സംബന്ധിച്ചാണ് എന്നും അതിന് ഈ വിഷയവുമായി ബന്ധമില്ലെന്നും അദ്ദേഹം പറഞ്ഞു .

സി.&എ.ജി. റിപ്പോർട്ടുകളുടെ രഹസ്യ സ്വഭാവത്തെക്കുറിച്ചുള്ള സർക്കുലറുമായി ബന്ധപ്പെട്ട ചോദ്യത്തിന് സി.&എ.ജി. റിപ്പോർട്ടുകളുടെ രഹസ്യ സ്വഭാവം സംബന്ധിച്ച 27-2-2013-ലെ 111/S/5/258-PPG/24-2013 നമ്പർ സർക്കുലർ ഓഡിറ്റ് നടത്തുന്ന ഉദ്യോഗസ്ഥർക്കും സി&എ.ജി. ഓഫീസിലെ വിവിധ വകുപ്പുകൾക്കും ബാധകമായിട്ടുള്ളതാണ്. ഇതിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനായി ആഡിറ്റ് ഉദ്യോഗസ്ഥർ 'എ' ഫോറത്തിലും പ്രിന്റിംഗ്, ഡിസൈനിംഗ് പ്രവൃത്തിയിലുള്ളവർ 'ബി' ഫോറത്തിലും നൽകേണ്ട സ്റ്റേറ്റ്മെന്റ് സർക്കുലറിനോടൊപ്പം ചേർത്തിരിക്കുന്നതിൽ നിന്ന് ഇക്കാര്യം വ്യക്തമാണ്. കൂടാതെ സി.&എ.ജി. റിപ്പോർട്ട് ഒഫീഷ്യൽ സീക്രട്ട് ആക്റ്റ് പ്രകാരമുള്ള ഒരു രേഖയല്ല. അത് വിശദമായ പരിശോധനയ്ക്കും ചർച്ചയ്ക്കും സർക്കാരിന് അവകാശമുള്ള രേഖയാണ്. സി&എ.ജി. യുടെ പ്രവർത്തന ചട്ടക്കൂട് നിർണ്ണയിക്കുന്ന ഭരണഘടന വ്യവസ്ഥയിലോ, നിയമങ്ങളിലോ, ചട്ടങ്ങളിലോ റിപ്പോർട്ട് രഹസ്യരേഖയാണെന്ന് പറയുന്നില്ല. അതിനാൽ ഒഫീഷ്യൽ സീക്രട്ട് ആക്റ്റ് റിപ്പോർട്ടിന് ബാധകല്ലെന്നും അദ്ദേഹം പറഞ്ഞു .

സി.&എ.ജി.-ക്ക് ഏത് ഘട്ടത്തിലും എപ്പോൾ വേണമെങ്കിലും നിരീക്ഷണങ്ങൾ കൂട്ടിച്ചേർക്കാമെന്നുള്ളതിന് നിയമപരമായ പ്രാബല്യമുണ്ടോ എന്ന ചോദ്യത്തിന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സിവിൽ &കൊമേഴ്സ്യൽ) ഓഡിറ്റ്, കേരള 2010-ൽ

പുറപ്പെടുവിച്ച മാന്വൽ ഓഫ് റിപ്പോർട്ട് (സിവിൽ സെക്ഷൻ), ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന്റെ ചിട്ടകളെ സംബന്ധിച്ച് ഇന്ത്യൻ ഓഡിറ്റ് & അക്കൗണ്ട്സ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർക്കുള്ള സപ്ലിമെന്ററി നിർദ്ദേശങ്ങളെക്കുറിച്ചാണ് പ്രതിപാദിക്കുന്നതെന്നും, ഇതിന്റെ ഖണ്ഡിക 2.05-ൽ സർക്കാരിന് കരടുരേഖ നൽകണമെന്നു പറയുക മാത്രമല്ല, ഓഡിറ്റ് റിപ്പോർട്ടിൽ ഇടംപിടിക്കാൻ സാധ്യതയുള്ള നിഗമനങ്ങളും നിരീക്ഷണങ്ങളും സംബന്ധിച്ച് ഭരണവകുപ്പ് സെക്രട്ടറിയേയും ധനകാര്യസെക്രട്ടറിയേയും അറിയിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. കരട് റിപ്പോർട്ടിൽ തന്നെ വരാത്ത ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന നിഗമനങ്ങൾ അന്തിമ റിപ്പോർട്ടിൽ കൂട്ടിച്ചേർക്കുന്നത് എത്രമേൽ ക്രമരഹിതവും ചട്ടവിരുദ്ധവുമാണെന്ന് ഇത് വ്യക്തമാക്കുന്നുണ്ട്. എങ്ങനെയാണ് ഓഡിറ്റ് നടത്തേണ്ടത്, ഓഡിറ്റ് ചെയ്യപ്പെടുന്നവരുടെ അവകാശങ്ങൾ എന്തെല്ലാമെന്നുള്ളത് സംബന്ധിച്ച് സി.&എ.ജി. തന്നെ തയ്യാറാക്കിയിട്ടുള്ള DPC ആക്ടിൽ പറഞ്ഞിട്ടുണ്ട്. കൂടാതെ ഓഡിറ്റ് സംബന്ധമായ സി.&എ.ജി.-യുടെ നിർദ്ദേശങ്ങൾ, കോഡുകൾ, സർക്കുലറുകൾ തുടങ്ങിയവ ക്രോഡീകരിച്ച് മധ്യപ്രദേശ് എ. ജി. 2017 മാർച്ച് 30-ൽ പുറത്തിറക്കിയ മാന്വൽ ഓഫ് റിപ്പോർട്ട് (സിവിൽ)-ന്റെ ഖണ്ഡിക 3.6.3-ൽ ഫൈനൽ ഡ്രാഫ്റ്റ് റിപ്പോർട്ടിൽ പുതിയതായി ഒരു ഖണ്ഡികപോലും ചേർക്കാൻ പാടില്ലായെന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം വ്യക്തമാക്കിയിട്ടുണ്ട്. കരട് റിപ്പോർട്ടിന്മേൽ സർക്കാരിന്റെ വിശദീകരണം, നിരീക്ഷണം, അഭിപ്രായം എന്നിവ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം. എന്നാൽ കരട് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ലാത്തതും സർക്കാരിനെ അറിയിക്കാത്തതുമായ പുതിയ കമന്റുകളും നിരീക്ഷണങ്ങളും നിഗമനങ്ങളും അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ കഴിയില്ല. നിയമസഭയിൽ സമർപ്പിക്കുന്നതിനായി സി.&എ.ജി. നൽകിയ അന്തിമ റിപ്പോർട്ടിലെ ചില ഭാഗങ്ങൾ തുലോം വിഭിന്നവും തികച്ചും പുതിയതുമാണെന്നു കാണാം. ഇത് ഓഡിറ്റ് സംബന്ധിച്ച സി.&എ.ജി.യുടെ 2007-ലെയും 2020-ലെയും റെഗുലേഷനുകളിൽ പ്രതിപാദിക്കുന്ന നടപടിക്രമങ്ങളുടെ ലംഘനമാണ്. നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ കിഫ്ബി നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യം പശ്ചാത്തല സൗകര്യം സൃഷ്ടിക്കാനുള്ള ഫണ്ട് രൂപീകരിക്കലാണ്. ഇതിന് അനുസൃതമായ പ്രവർത്തനങ്ങൾക്ക് ലെജിസ്ലേറ്റീവ് പെർമിഷൻ ഇല്ലായെന്ന് വരെ ഗുരുതരമായ നിഗമനങ്ങൾ ഏകപക്ഷീയമായി എഴുതി ചേർക്കുകയാണ് സി & എ.ജി. റിപ്പോർട്ടിൽ ചെയ്തത്. ഇതിന്റെ കരട് റിപ്പോർട്ടുകളിലും ചർച്ചകൾ നടന്ന ഘട്ടങ്ങളിലൊന്നും ഉന്നയിക്കാത്ത പ്രശ്നങ്ങൾ അതായത്, 2020-ൽ ഉന്നയിക്കാത്ത പ്രശ്നങ്ങൾ, 2019-ന്റെ റിപ്പോർട്ടിൽ ചേർക്കുകയാണ്. എന്നുമാത്രമല്ല 1999 മുതൽ 2018 വരെ ഒമ്പത് ഓഡിറ്റ് കിഫ്ബിയെപ്പറ്റി നടന്നിട്ടും ഇതുവരെ കിഫ്ബിക്ക് വായ്പയെടുക്കാനുള്ള ഭരണ ഘടനാവകാശത്തെപ്പറ്റി ഒരു ചോദ്യം പോലും ഉണ്ടായിട്ടില്ല. ഇപ്പോൾ തയ്യാറാക്കപ്പെട്ട റിപ്പോർട്ടിന്റെ, ഡ്രാഫ്റ്റ് റിപ്പോർട്ടിന്റെ exit meeting-ൽ പോലും ഈ ചോദ്യം ഉന്നയിക്കപ്പെട്ടിട്ടില്ല. അതിന് ശേഷം ഓഡിറ്റ്

റെഗുലേഷനുകൾക്ക് വിരുദ്ധമായി എട്ട് പാരഗ്രാഫുകൾ എഴുതിചേർക്കുകയാണ് ഉണ്ടായത്. അതുകൊണ്ട് തന്നെ സംസ്ഥാന സർക്കാരിനെതിരെ malafide intention ഇക്കാര്യത്തിൽ ഉണ്ടെന്ന് വിശ്വസിക്കുന്നു. മസാലബോണ്ട് നിയമവിരുദ്ധമാണെന്നും മസാലബോണ്ടു വഴി സമാഹരിച്ച പണത്തിന്റെ വിനിയോഗം മരവിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേരള ഹൈക്കോടതിയിൽ ഹർജി വന്നപ്പോൾ സി.&എ.ജി കൂടി അതിൽ കക്ഷിചേർന്നു. ഈ കേസ് നേരത്തെ വിളിപ്പിക്കാനുള്ള പരിശ്രമങ്ങൾ ചെയ്യുവെന്ന് കേൾക്കുമ്പോഴാണ് അതിന്റെ ഗൗരവം മനസ്സിലാകുന്നത്. ഭരണഘടനാ സ്ഥാപനങ്ങളെയെല്ലാം ഇത്തരത്തിൽ ഉപയോഗപ്പെടുത്തുന്ന രീതി ഇന്ത്യയിൽ വളർന്നുവരുന്നുണ്ട് എന്നും അദ്ദേഹം പറഞ്ഞു.

സി.&എ.ജി. റിപ്പോർട്ട് മേശപ്പുറത്ത് വച്ചതിന് ശേഷം പബ്ലിക് ഡൊമൈനിലേയ്ക്ക് വന്നുകഴിഞ്ഞാൽ നിയമസഭയ്ക്കകത്തോ പി.എ.സി.-യിലോ പരിശോധിക്കാൻ അവസരം ലഭിക്കുമായിരുന്നില്ലേ എന്ന് കമ്മിറ്റി ചോദിച്ചപ്പോൾ പി.എ.സി.-യിലും മറ്റും പരിശോധിക്കാൻ എടുക്കുന്ന അത്രയുംകാലം യാതൊരു നടപടിയും സ്വീകരിക്കാൻ സാധിക്കാതെ വരും. കിഫ്ബിയിലൂടെ കടമെടുക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്നു പറഞ്ഞ് റിപ്പോർട്ട് പുറത്തുവന്നാൽ അത് നമ്മുടെ വായ്പയെടുപ്പിനെ ബാധിക്കും. കൊടുക്കുന്ന ബില്ലുകൾ മാറിയില്ലെങ്കിൽ വളരെ ഗൗരവമായിട്ടുള്ള പ്രത്യാഘാതങ്ങൾ സംസ്ഥാനത്തിന്റെ വികസനത്തിന്റെ മേലുണ്ടാകും. നിലവിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്ന അരലക്ഷം കോടി രൂപയുടെ പ്രോജക്ടുകൾ അവതാളത്തിലാകും. മന്ത്രി എന്ന നിലയിൽ തന്റെ ഏറ്റവും വലിയ കടമയെന്ന് പറയുന്നത് ഈ അമ്പതിനായിരം കോടി രൂപയുടെ സ്കീമിനെ സംരക്ഷിക്കുക എന്നതാണ്. അസാധാരണമായിട്ടുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് കൊണ്ടാണ് ഇങ്ങനെ പ്രതികരിക്കേണ്ടി വന്നത് എന്നും അദ്ദേഹം പറഞ്ഞു.

സഭയുടെ കീഴ്വഴക്കം അനുസരിച്ച് ഭരണഘടനാനുസൃതമായി നിയമസഭയിൽ സി.&എ.ജി. റിപ്പോർട്ട് വയ്ക്കുന്നതിനുമുമ്പ് മന്ത്രിമാർ ആ റിപ്പോർട്ട്, കരട് റിപ്പോർട്ടായാലും ഫൈനൽ റിപ്പോർട്ടായാലും പുറത്തുവിടുന്നത് ഇതുവരെ ഉണ്ടായിട്ടില്ല. അങ്ങനെ ചെയ്യുത് ഭരണഘടനാ ലംഘനവും സത്യപ്രതിജ്ഞാ ലംഘനവുമാണെന്നുമുള്ള ആരോപണത്തെപറ്റി ചോദിച്ചപ്പോൾ നിയമസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടത് ഭരണഘടനാനുസൃത മായിട്ടും നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കും വിധം തയ്യാറാക്കപ്പെട്ട റിപ്പോർട്ടാകണമെന്നും അങ്ങനെ അല്ലാതെ തയ്യാറാക്കപ്പെട്ടതെന്ന് ഉത്തമബോധ്യമുള്ള കൂട്ടിച്ചേർക്കപ്പെട്ട ഭാഗം സഭയുടെ മുമ്പാകെ അതേപോലെ എത്തുന്ന സാഹചര്യം അനുചിതവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമാകുമെന്നും അത് സർക്കാരും സി.&എ.ജി.-യും തമ്മിലുള്ള കത്തിടപാടുകളിൽ തീർക്കാൻ പറ്റുന്നതല്ലെന്നും സഭയുടെ അവകാശങ്ങളും അധികാരങ്ങളും മാനിച്ച് റിപ്പോർട്ട് ഭരണഘടനാനുസൃതമാകണമെന്ന സദുദ്ദേശത്തോടും ഉത്തമതാൽപ്പര്യത്തോടുംകൂടി മാത്രമേ ധനമന്ത്രിയെന്ന നിലയിൽ ഇക്കാര്യത്തിൽ പ്രവത്തിച്ചിട്ടുള്ളുവെന്നും അദ്ദേഹം പറഞ്ഞു. അഡ്വ. പ്രശാന്ത് ഭൂഷൺ സി.&എ.ജി. റിപ്പോർട്ട്

പുറത്തുവിട്ടതുമായി ബന്ധപ്പെട്ട് ശ്രീ. പി. ജെ. കുര്യൻ ചെയർമാനായ രാജ്യസഭാ കമ്മിറ്റി മുമ്പാകെ ഇത്തരമൊരു വിഷയം വന്നിരുന്നു. അതിൽ പറഞ്ഞിരിക്കുന്നത് ഇക്കാര്യത്തിൽ ഒരു പ്രിവിലേജ് ഇഷ്യൂ ഇല്ലെന്നാണ്. കരട് റിപ്പോർട്ട് നിയമസഭയുടെ ഡൊമൈനിൽ അല്ല. നിയമസഭയുടെ ഡൊമൈനിൽ വരുന്നത് ഫൈനൽ റിപ്പോർട്ടാണ്. അത് ഡ്രാഫ്റ്റ് റിപ്പോർട്ട് എന്നുള്ള രീതിയിൽപോലും ഇതിനെക്കുറിച്ച് പറയുന്നതിൽ ഒരു impropriety ഉണ്ട് എന്ന് സമ്മതിക്കുന്നു. എന്നാൽ പ്രിവിലേജ് ലംഘനപ്രശ്നമില്ല. സർക്കാരിന്റെ ഡൊമൈനിലുള്ള ഈ റിപ്പോർട്ടിലെ ഒരു ഭാഗം തികച്ചും ചട്ടവിരുദ്ധമായി തയ്യാറാക്കപ്പെട്ടതാണെന്ന ഉത്തമബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഇതുസംബന്ധമായ പ്രസ്താവന നടത്തിയത്. കിഫ്ബി സംബന്ധിച്ച സി&എ.ജി. റിപ്പോർട്ടിലെ കൂട്ടിച്ചേർക്കപ്പെട്ട ഭാഗം ഓഡിറ്റ് സംബന്ധമായ ചട്ടങ്ങളുടെ വ്യക്തമായ ലംഘനമാണെന്നും ആയത് പറയേണ്ടത് ധനമന്ത്രിയെന്ന നിലയിൽ അർപ്പിതമായ ഉത്തരവാദിത്ത മാണെന്നുമുള്ള ഉത്തമവിശ്വാസത്തിലാണ് അത് സംബന്ധിച്ച് പ്രതിപാദിച്ചിട്ടുള്ളത് എന്നും അദ്ദേഹം പറഞ്ഞു .

ഇങ്ങനെ ഒരു കാര്യം അംഗീകരിച്ചാൽ, അത് മന്ത്രിമാർക്ക് മുൻകൂറായി, സി.&എ.ജി. റിപ്പോർട്ടുകളോ മറ്റ് റിപ്പോർട്ടുകളോ സഭയിൽ വയ്ക്കുന്നതിനുമുമ്പ് ഇതുപോലെ പുറത്തുവിടുന്നത് ഒരു കീഴ്‌വഴക്കമായി വരുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ ഭരണപരമായ കാര്യങ്ങൾക്ക് നല്ലതാണോയെന്നും അത് നമുക്ക് കൂടുതൽ പ്രതിസന്ധികളും പ്രശ്നങ്ങളും സൃഷ്ടിക്കുന്നതല്ലേ എന്നും കമ്മിറ്റി ആരാഞ്ഞപ്പോൾ ഇങ്ങനെ മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തുന്നത് സാധാരണഗതിയിൽ കീഴ്‌വഴക്കമാക്കാൻ പാടില്ല എന്നും പക്ഷേ അങ്ങനെ ചെയ്യാൻ താൻ നിർബന്ധിതനായിത്തീർന്നത് വളരെ അസാധാരണമായിട്ടുള്ള സ്ഥിതിവിശേഷം സൃഷ്ടിക്കപ്പെട്ടതിനാലാണ് എന്നും അദ്ദേഹം പറഞ്ഞു. കരട് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ലാത്തതും അതീവഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതും കേരള സംസ്ഥാനത്തിന്റെ ഭാവി വികസനപാതയെ ഗണ്യമായി ബാധിക്കുന്നതുമായ തീർപ്പുകളും നിഗമനങ്ങളുമാണ് കിഫ്ബി സംബന്ധമായി സി & എ.ജി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയത്. ഇതിനെ പ്രതിരോധിക്കാൻ താൻ തയ്യാറായില്ലെങ്കിൽ അത് തന്റെ ഭാഗത്തുനിന്നുള്ള വലിയ വീഴ്ചയായിരിക്കും എന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിന്റെ ഭാവിയെത്തന്നെ വളരെ അടിസ്ഥാനപരമായി സ്വാധീനിക്കുന്ന 60,000 കോടി രൂപയുടെ വികസന നിക്ഷേപത്തിന് കിഫ്ബിയിലൂടെ അനുവാദം കൊടുത്തിരിക്കുകയാണ്. ഇതിന്റെ കീഴിലുള്ള മിക്കവാറും പദ്ധതികളും പകുതിവഴിയിലാണ്. അപ്പോഴാണ് തികച്ചും ക്രമവിരുദ്ധമായ രീതിയിൽ സർക്കാരിന് അഭിപ്രായംപോലും പറയാൻ അവകാശമില്ലാതെ ഫൈനൽ റിപ്പോർട്ടിൽ 8 ഖണ്ഡികകൾ കൂട്ടിച്ചേർക്കുന്നത്. കിഫ്ബിയുമായി ബന്ധപ്പെട്ട് ഓഡിറ്റ് ക്വറികൾ എന്താണെന്നുള്ളത് താൻ

അന്വേഷിക്കാറുണ്ട്. ആ സന്ദർഭത്തിലാണ് തന്റെ കയ്യിൽ ഈ മൂന്ന് പേജുകൾ ലഭിക്കുന്നത്. ആ മൂന്ന് പേജുകളിൽ പറഞ്ഞിരിക്കുന്നത് ഇതുവരെ ചർച്ച ചെയ്യാത്ത കാര്യങ്ങളുമാണ്. അപ്പോൾ തന്റെ സുമനസ്സുകൊണ്ട് വിചാരിച്ചത് ഇത് ഡ്രാഫ്റ്റ് റിപ്പോർട്ടിലുള്ളതാകുമെന്നാണ്. ഒക്ടോബർ 31-നാണ് ഈ റിപ്പോർട്ട് തനിക്ക് ലഭിക്കുന്നത്. ഡ്രാഫ്റ്റ് റിപ്പോർട്ട് ലഭിച്ചാൽ നമ്മൾ മറുപടി നൽകണമെന്നാണ് വ്യവസ്ഥ. ഡ്രാഫ്റ്റ് ആയിരിക്കുമെന്ന ധാരണയിൽ മറുപടി തയ്യാറാക്കാൻ നിർദ്ദേശം നൽകി. ഓഡിറ്റ് സംബന്ധിച്ച് രാജ്യത്ത് നിലവിലുള്ള റെഗുലേഷനുകൾക്കും ദേശീയവും അന്തർദേശീയവുമായ ഓഡിറ്റ് മാനദണ്ഡങ്ങൾക്കും വിരുദ്ധമായതും ഓഡിറ്റ് ചെയ്യപ്പെടുന്ന സർക്കാരിന് പറയാനുള്ളതു കേൾക്കാൻ അവസരം നൽകാതെയും എത്തിച്ചേർന്ന കിഫ്ബി സംബന്ധമായ നിഗമനങ്ങൾ ആർട്ടിക്കിൾ 151 പ്രകാരമുള്ള അന്തിമ റിപ്പോർട്ടാവില്ലെന്ന ഉത്തമ വിശ്വാസത്തിന്റെയും ബോധ്യത്തിന്റെയും അടിസ്ഥാനത്തിലാണ് ഇതു സംബന്ധമായി പ്രതികരിച്ചിട്ടുള്ളത് എന്നും സി & എ.ജി. റിപ്പോർട്ടിലെ ഈയൊരു കാര്യമല്ലാതെ മറ്റൊന്നും സംബന്ധിച്ച് ഒരു പ്രതികരണവും നടത്തിയിട്ടില്ലാത്തതുമാണ് എന്നും, പുറത്ത് പറയാൻ പാടില്ല എന്നത് ശരിയാണെങ്കിലും ഇതിനെ പ്രതിരോധിക്കാതിരുന്നാൽ അത് വലിയൊരു വീഴ്ച യാകുമെന്നതിനാലാണ് ഡ്രാഫ്റ്റ് റിപ്പോർട്ടാണെന്ന ധാരണയിൽ പുറത്ത് പറഞ്ഞതെന്നും കമ്മിറ്റിയെ അദ്ദേഹം ബോധിപ്പിച്ചു

യോഗം ഉച്ചയ്ക്ക് ശേഷം 12.50-ന് പിരിഞ്ഞു.

അനുബന്ധം 7

## പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി 2021 ജനുവരി 8-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി (2019-21)-2021 ജനുവരി 8-ാം തീയതി വെള്ളിയാഴ്ച സഭാ സമ്മേളനത്തിന് ശേഷം നിയമസഭാ സമുച്ചയത്തിലെ '5-ബി ' സമ്മേളന ഹാളിൽ കമ്മിറ്റി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ, എം. എൽ. എ-യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീ. ജോൺ ഫെർണാണ്ടസ് എം. എൽ. എ.,
2. ശ്രീ. വി. കെ. സി. മമ്മത് കോയ എം. എൽ. എ.,
3. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ എം. എൽ. എ.,

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി
2. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ജോയിന്റ് സെക്രട്ടറി
3. ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

കമ്മിറ്റിയുടെ പരിഗണനയ്ക്കായി ബഹു. സ്പീക്കർ റഫർ ചെയ്തിട്ടുള്ള ബഹു. ധനകാര്യവും കയറും വകുപ്പമന്ത്രിക്കെതിരെ ശ്രീ. വി. ഡി. സതീശൻ എം. എൽ. എ. സമർപ്പിച്ച അവകാശലംഘന നോട്ടീസിന്മേൽ ശ്രീ. വി. ഡി. സതീശൻ എം. എൽ. എ.യും ബഹു. ധനകാര്യവും കയറും വകുപ്പമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കും കമ്മിറ്റി മുമ്പാകെ സമർപ്പിച്ച വാദങ്ങൾ വിശദമായി പരിശോധിച്ചു

കേരള നിയമസഭയുടെ ചരിത്രത്തിൽ ഇതിന് സമാനമായ ഒരു സംഭവം ഉണ്ടായിട്ടില്ല എന്ന് നിരീക്ഷിച്ച കമ്മിറ്റി ഇതിനോട് സാദൃശ്യമുള്ള ഒരു സംഭവം സംബന്ധിച്ച് രാജ്യസഭയുടെ പ്രിവിലേജസ് കമ്മിറ്റി മുമ്പാകെ വന്ന ഒരു പരാതി സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചു. സി.&എ.ജി. റിപ്പോർട്ട് പാർലമെന്റിന്റെ മേശപ്പുറത്തു വയ്ക്കുന്നതിന് മുൻപ് റിപ്പോർട്ടിലെ ചില പരാമർശങ്ങൾ ആം ആദ്മി പാർട്ടി നേതാവായ അഡ്വ. പ്രശാന്ത് ഭൂഷൺ മാധ്യമങ്ങൾക്ക് ചോർത്തി നൽകിയെന്ന് ആരോപിച്ചുകൊണ്ട് ശ്രീ. കെ. സി. ത്യാഗി, എം. പി. സമർപ്പിച്ച അവകാശലംഘന

നോട്ടീസിന്മേൽ ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനു മുൻപ് സി.&എ.ജി. റിപ്പോർട്ടിലെ വിവരങ്ങൾ പുറത്താകുന്നത് സഭയുടെ അവകാശങ്ങളുടെ ലംഘനമാവില്ല എന്നാണ് രാജ്യസഭ പ്രിവിലേജസ് കമ്മിറ്റി, (65-ാമത് റിപ്പോർട്ട്) കണ്ടെത്തിയത്. ആയതിന്റെ അടിസ്ഥാനത്തിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുമ്പോൾ മാത്രമേ റിപ്പോർട്ട് സഭയുടെ സ്വത്താകുന്നുള്ളൂ. ഭരണഘടനയിലോ നിയമങ്ങളിലോ സ്റ്റാറ്റ്യൂട്ടുകളിലോ നിർദ്ദേശിക്കപ്പെട്ടപ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട എല്ലാ കടലാസ്സുകൾക്കും റിപ്പോർട്ടുകൾക്കും ഇത് ബാധകമാണെന്ന് രാജ്യസഭയുടെ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി കണ്ടെത്തി. രാജ്യസഭ പ്രിവിലേജസ് കമ്മിറ്റിയുടെ 65-ാമത് റിപ്പോർട്ടിൽ അനുബന്ധമായി ചേർത്തിട്ടുള്ള രേഖകളും കമ്മിറ്റി വിശദമായി പരിശോധിച്ചു

നിലവിലുള്ള ചട്ടങ്ങളും കീഴ്‌വഴക്കങ്ങളും മറികടന്ന് ആഡിറ്റ് റിപ്പോർട്ടിൽ ചില കൂട്ടിച്ചേർക്കലുകൾ സി&എ.ജി നടത്തിയതിനാലാണ് ഇത്തരം പരാമർശങ്ങൾ വെളിപ്പെടുത്താനിടയാക്കിയ അസാധാരണ സാഹചര്യം സൃഷ്ടിച്ചതെന്ന് ബഹു. മന്ത്രി നൽകിയ വിശദീകരണത്തിൽ നിന്ന് കമ്മിറ്റിക്ക് ബോധ്യപ്പെടുകയും ആഡിറ്റ് റിപ്പോർട്ടിൽ ചില പേജുകൾ കൂട്ടിച്ചേർത്തതിൽ ദുരൂഹതയുണ്ടെന്ന ബഹു. മന്ത്രിയുടെ ആരോപണം വസ്തുതാധിഷ്ഠിതമാണെന്ന് കമ്മിറ്റി നിരീക്ഷിക്കുകയും ചെയ്തു. എന്നാൽ ശ്രീ. വി. ഡി. സതീശൻ എം.എൽ.എ.യുടെ നോട്ടീസിലെ പരിഗണനാ വിഷയത്തെ അവകാശലംഘന പ്രശ്നം മാത്രമായി കേവലവൽക്കരിക്കുന്നത് യുക്തിസഹമല്ലെന്നും, ഈ വിഷയം ഉയർത്തുന്ന സാമാന്യ നീതിയുടെ നിഷേധവും, വികസന പദ്ധതികൾ പ്രതിബന്ധമില്ലാതെ സുഗമമായി പുരോഗമിക്കണമെന്ന സംസ്ഥാനത്തെ ജനങ്ങളുടെ അവകാശാഭിലാഷങ്ങളുടെ ലംഘനവും, പൊതു സമൂഹവും നിയമസഭയും ചർച്ച ചെയ്യേണ്ടതാണെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടു. കമ്മിറ്റി മുമ്പാകെ ലഭിച്ച തെളിവുകളുടെയും സമാനമായ വിഷയത്തിൽ രാജ്യസഭ കൈക്കൊണ്ട തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ധനകാര്യമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനെതിരെയുള്ള അവകാശലംഘന പ്രശ്നത്തിൽ തുടർനടപടി അവസാനിപ്പിക്കാൻ ശിപാർശ ചെയ്യാൻ കമ്മിറ്റി തീരുമാനിച്ചു.

കമ്മിറ്റിയുടെ അടുത്ത യോഗം 18-1-2021-ന് സഭ പിരിഞ്ഞശേഷം കൂടാനും ഈ വിഷയത്തിലുള്ള കരട് റിപ്പോർട്ട് പരിഗണിക്കാനും തീരുമാനിച്ചു

യോഗം ഉച്ചയ്ക്ക് 12.20-ന് പിരിഞ്ഞു.

## അനുബന്ധം 8

## വിയോജനക്കുറിപ്പ്

ഭരണഘടനയുടെ അനുച്ഛേദം 151 പ്രകാരം സി&എ.ജി. റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. ഇങ്ങനെ സഭയുടെ മേശപ്പുറത്ത് വച്ചാൽ മാത്രമേ അത് ഒരു പൊതുരേഖയാകുകയുള്ളൂ. Article 151-ൽ സൂചിപ്പിക്കുന്നത് 'The reports of the Comptroller and Auditor General of India releting to the accounts of the State shall be submitted to the Governor who shall cause them to be laid before the legislature' എന്നാണ്.ഈ ഭരണഘടനാ വ്യവസ്ഥ പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കുമ്പോൾ മാത്രം പൊതുരേഖയാകുന്ന ഒരു document എന്തു കാരണം കൊണ്ടുതന്നെ ആയാലും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് മുമ്പ് മാധ്യമങ്ങളിൽ കൂടി വെളിപ്പെടുത്തിയത് സഭയുടെ അവകാശലംഘനം മാത്രമല്ല ഔദ്യോഗിക രഹസ്യ നിയമത്തിന്റെ ലംഘനവും ഇതുവഴി സത്യപ്രതിജ്ഞാ ലംഘനവുമാണെന്നതിൽ ഉറച്ചു നിൽക്കുകയാണ്.

സി.&എ.ജി. റിപ്പോർട്ടിനെ സംബന്ധിച്ചിടത്തോളം സർക്കാരിന് എന്തെങ്കിലും വ്യത്യസ്ത അഭിപ്രായമുണ്ടെങ്കിൽ അത് അഡ്രസ് ചെയ്യുന്നതിന് നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് കഴിയും. സി.&എ.ജി. റിപ്പോർട്ട് പരിശോധിച്ചശേഷം പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് നിയമസഭ മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും ആ റിപ്പോർട്ടിന്മേൽ നിയമസഭയിൽ ചർച്ച നടത്തുവാനും കഴിയും. ഇത്തരത്തിൽ വ്യവസ്ഥാപിത മാർഗത്തിലൂടെ സി.&എ.ജി.യുടെ റിപ്പോർട്ട് പരിശോധിക്കാൻ മാർഗ്ഗമുണ്ടായിരിക്കെ, ബഹു.ധനകാര്യവകുപ്പ് മന്ത്രി സി.&എ.ജി.റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതിന് മുമ്പ് പുറത്ത് വിട്ടത് ഗുരുതരമായ അവകാശലംഘനമാണെന്നതിലും ഉറച്ചു നിൽക്കുകയാണ്.

ബഹു. ധനകാര്യവകുപ്പ് മന്ത്രി സി&എ.ജി.യുടെ റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതിന് മുമ്പ് പ്രസ്തുത റിപ്പോർട്ട് പുറത്തുവിട്ടോ ഇല്ലയോ എന്നുള്ളതാണ് കാതലായ വിഷയം. എന്തുകൊണ്ട് പുറത്തുവിട്ടു എന്നത് സംബന്ധിച്ച് ബഹു.ധനകാര്യ വകുപ്പ് മന്ത്രി ഉയർത്തുന്ന വാദങ്ങൾ എത്തിക്സ് കമ്മിറ്റിയെ സംബന്ധിച്ചിടത്തോളം പ്രസക്തമല്ല. പ്രസക്തമല്ലാത്ത മന്ത്രിയുടെ വാദങ്ങൾ കേട്ടശേഷം തീരുമാനമെടുക്കുന്നത് സമിതിയെ തെറ്റായ തീരുമാനത്തിലേക്ക് നയിക്കും എന്നതിനാൽ മേൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിലുള്ള വിയോജനം ഇവിടെ രേഖപ്പെടുത്തുന്നു. കേരള നിയമസഭയിലെ നാളിതുവരെയുള്ള കീഴ്വഴക്കങ്ങൾ ലംഘിച്ചും ഭരണഘടനാ വ്യവസ്ഥകൾ അവഗണിച്ചും

സി&എ.ജി. റിപ്പോർട്ട് നിയമസഭയിൽ വയ്ക്കുന്നതിനു മുമ്പ് പുറത്തുവിട്ട ധനകാര്യവകുപ്പ് മന്ത്രിയുടെ നടപടി ഈ സമിതി സാധൂകരിക്കുന്ന നിലപാട് സ്വീകരിക്കുന്നത് കേരള നിയമസഭാ ചരിത്രത്തിൽ തെറ്റായ കീഴ്വഴക്കത്തിന് തുടക്കം കുറിക്കുന്ന ഒരു നടപടിയാകുമെന്നുള്ള ഗൗരവമേറിയ സാഹചര്യം ഇതോടൊപ്പം ചൂണ്ടിക്കാണിക്കുന്നു. സമിതിയുടെ ഫൈനൽ റിപ്പോർട്ടിലെ വസ്തുതാപരമല്ലാത്ത കണ്ടെത്തലുകളോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

1. വി. എസ്. ശിവകുമാർ

   (ഒപ്പ്)

2. മോൻസ് ജോസഫ്

   (ഒപ്പ്)

3. അനൂപ് ജേക്കബ്

   (ഒപ്പ്)

അനുബന്ധം 9

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി 2021 ജനുവരി 18-ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്ത ഭാഗങ്ങൾ

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി (2019-21)-2021 ജനുവരി 18-ാം തീയതി വെള്ളിയാഴ്ച സഭാ സമ്മേളനത്തിന് ശേഷം നിയമസഭാ സമുച്ചയത്തിലെ '5-ബി' സമ്മേളന ഹാളിൽ കമ്മിറ്റിചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ, എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. ജോൺ ഫെർണാണ്ടസ് എം. എൽ. എ,
2. ശ്രീ. വി. കെ. സി. മമ്മത് കോയ എം. എൽ. എ,
3. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ എം. എൽ. എ,
4. ശ്രീ. മോൻസ് ജോസഫ്, എം. എൽ. എ.
5. ശ്രീ. അനൂപ് ജേക്കബ്, എം. എൽ. എ.
6. ശ്രീ. വി. എസ്. ശിവകുമാർ, എം. എൽ. എ.

കൂടാതെ ശ്രീ. ഡി. കെ. മുരളി, എം.എൽ.എ., ഓൺലൈൻ മുഖേനയും യോഗത്തിൽ പങ്കെടുത്തു.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

കമ്മിറ്റിയുടെ പരിഗണനയ്ക്കായി ബഹു. സ്പീക്കർ റഫർ ചെയ്തിട്ടുള്ള ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. സമർപ്പിച്ച അവകാശലംഘന നോട്ടീസിന്റെ കരട് റിപ്പോർട്ട് ഭേദഗതികളോടെ കമ്മിറ്റി അംഗീകരിച്ചു

കമ്മിറ്റി അംഗങ്ങളായ ശ്രീ. വി. എസ്. ശിവകുമാർ എം. എൽ. എ., ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ., ശ്രീ. അനൂപ് ജേക്കബ് എം.എൽ.എ. എന്നിവർ റിപ്പോർട്ടിൽ വിയോജിപ്പ് രേഖപ്പെടുത്തി. ഇത് സംബന്ധിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് നടപ്പുസമ്മേളനത്തിൽത്തന്നെ സഭയിൽ സമർപ്പിക്കണമെന്ന് കമ്മിറ്റി തീരുമാനിച്ചു

യോഗം രാത്രി 7.45-ന് പിരിഞ്ഞു.

---